ദി ഡിഫെൻഡർ

Vol. No. 11 Issue No. 2 RNI Reg. No. 68089 / 97 Published From Perumbavoor 2008 January 16 Price: Rs.100/- P.A.

# സൈബർ കേസ്സ് അപ്പീൽ ഭാഗീകമായി അനുവദിച്ചു

സൈബർ കേസ്സിൽ പ്രതികൾ നൽകിയ അപ്പീൽ ഭാഗീകമായി അനുവദിച്ചുകൊണ്ട് പത്തനംതിട്ട ഫാസ്റ്റ്ട്രാക്-2 കോടതി ഉത്തരവായി. ഐ.ടി ആക്ട് 66-ാം വകുപ്പുപ്രകാരമുള്ള കുറ്റം പ്രതികൾ ചെയ്തിട്ടില്ലാത്തതിനാൽ അതിന്റെ ശിക്ഷയിൽ നിന്ന് ഒഴിവാക്കി. കീഴ്ക്കോടതിയുടെ മറ്റു കണ്ടെത്തലുകളും ശിക്ഷയും നിലനിർത്തുകയും ചെയ്തു.

2002 ഏപ്രിൽ 22ന് ആരംഭിച്ച ഈ കേസ്സ് പത്തനംതിട്ട സി.ജെ.എം. കോടതി, പത്തനംതിട്ട ജില്ലാ കോടതി എന്നിവയിലൂടെ കടന്ന് ഇനി ഹൈക്കോടതിയിൽ എത്തുകയാണ്. റ്റി.എസ്. ബാലനും മകനും ചേർന്ന് റ്റി. എസ്.ഏബ്രഹാമിനേയും കുടുംബാംഗങ്ങളേയും അപമാനിക്കാൻ വ്യാജ ഈമെയിലുകൾ അയച്ചെന്നും റ്റി.എസ്.ഏബ്രഹാമിന്റെ ഓഫീസിലെ കമ്പ്യൂട്ടറിലുള്ള ഡേറ്റ മായിച്ചുകളഞ്ഞെന്നും മറ്റുമാണ് കേസ്സ്. ഈ കുറ്റങ്ങളെല്ലാം പ്രതികൾ ചെയ്തെന്നായിരുന്നു വിചാരണക്കോടതിയുടെ കണ്ടെത്തൽ. വിവിധ വകുപ്പുകളിലായി ഏഴു വർഷത്തോളം തടവും 35000 രൂപ പിഴയും വിധിക്കയും ചെയ്തു. (302 എന്ന വകുപ്പ് കുറ്റപത്രത്തിൽ ചേർക്കാൻ പോലീസിന് തോന്നാതിരുന്നതുകൊണ്ട് വധശിക്ഷ ഒഴിവായി). ഈ വിധിക്കെതിരെ പ്രതികൾ നൽകിയ അപ്പീലാണ് ഇപ്പോൾ വിധിയായിരിക്കുന്നത്.

ഏഴു വർഷം മുൻപ് നിലവിൽ വന്ന ഐ.റ്റി. നിയമപ്രകാരമാണ് ഈ കേസ്സ് ചാർജ് ചെയ്യപ്പെട്ടത്. അനുബന്ധമായി വിവിധ ഐ.പി.സി (കുമ്പനാട്ടേതല്ല) വകുപ്പുകളും ചേർത്തിരുന്നു. എന്നാൽ ഈ നിയമം പുതിയതാകകൊണ്ടും കോടതികൾക്ക് കമ്പ്യൂട്ടർ വിഷയത്തിൽ പരിജ്ഞാനമില്ലാത്തതുകൊണ്ടും പ്രതികൾക്ക് തങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ ബുദ്ധിമുട്ടുണ്ടായി. നിയമത്തിന്റെ മുൻപിൽ എല്ലാവരും തുല്യരാണെങ്കിലും റ്റി.എസ്. ഏബ്രഹാമിനേപ്പോലുള്ള പണക്കാർ അല്പം കൂടുതൽ തുല്യരായതുകൊണ്ട് റ്റി.എസ്.ബാലനും മകനും ഏറെ ബുദ്ധിമുട്ടേണ്ടതായി വന്നു. അങ്ങനെയാണ് വിചാരണ കോടതി പോലീസ് എഴുതിവച്ച എല്ലാ വകുപ്പുകൾ പ്രകാരവും പ്രതികളെ ശിക്ഷിച്ചത്.

റ്റി.എസ്.ഏബ്രഹാമിന്റെ ഓഫീസിലെ കമ്പ്യൂട്ടറിലുള്ള ഡേറ്റ റ്റി.എസ്.ബാലനും മകനും ചേർന്ന് നശിപ്പിച്ചെന്നും അതിന് ഇരുവരും രണ്ടു വർഷം വീതം തടവ് അനുഭവിക്കണമെന്നും വിചാരണ കോടതി വിധിച്ചിരുന്നു. എന്നാൽ ഈ കുറ്റം പ്രതികൾ ചെയ്തിട്ടില്ലെന്ന് അപ്പീൽ കോടതിക്ക് ബോദ്ധ്യമായി. അതുകൊണ്ട് ഐ.റ്റി. ആക്ടിന്റെ 66-ാം വകുപ്പനുസരിച്ചുള്ള ശിക്ഷയിൽ നിന്ന് പ്രതികളെ ഒവിവാക്കി ഉത്തരവായത്. മറ്റു ശിക്ഷകൾ ശരിവയ്ക്കുകയും ചെയ്തു.

ഇനി ഹൈക്കോടതി, സുപ്രീം കോടതി എന്നിങ്ങനെ രണ്ടു കോടതികൾകൂടി ബാക്കിയുണ്ട്. ഈ കോടതികൾ കൂടി പ്രതികളെ കുറ്റവാളികളെന്നു വിധിച്ചാൽ മാത്രമേ വിധി അന്തിമമാകുകയുള്ളൂ. ജില്ലാ കോടതി വിധിക്കെതിരെ കേരള ഹൈക്കോടതിയിൽ പ്രതികൾ അപ്പീൽ നൽകുന്നതാണ്.

റ്റി.എസ്.ഏബ്രഹാമിനേപ്പോലുള്ള കള്ളൻമാർക്കെതിരെ പ്രതികരിക്കുന്നത് എത്രത്തോളം അപകടകരമായ പരിപാടിയാണെന്ന് റ്റി.എസ്.ബാലന്റെ അനുഭവം തെളിയിക്കുന്നു. ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധന്റെ സഹായത്തോടെ ബാലനെ കള്ളക്കേസ്സിൽ കുരുക്കാനും കോടതിയിൽ നിന്നും ശിക്ഷ വാങ്ങികൊടുക്കാനും റ്റി.എസ്.ഏബ്രഹാമിന് കഴിഞ്ഞു. സുവിശേഷപ്രവർത്തനത്തിനെന്നു പറഞ്ഞ് പിരിച്ചെടുത്ത ലക്ഷക്കണക്കിനു രൂപ അതിനായി ചെലവഴിക്കയും ചെയ്തു. പക്ഷേ അന്തിമ വിജയം ഇനിയും അകലെയാണ്. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഈ കേസ്സ് നിലനിൽക്കയില്ലെന്നു വ്യക്തം.

# ജിദ്ദയിലെ ഫിലിപ്പ് വ്യാജസുവിശേഷകൻ

സൗദിയിലെ ജിദ്ദയിൽ ഒരു ഇംഗ്ലീഷ് ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്ന ഫിലിപ്പ് തട്ടിപ്പുകാരനാണെന്ന് വ്യക്തമായിരിക്കുന്നു. ദൈവമക്കൾ സൂക്ഷിക്കുക. (കഴിഞ്ഞലക്കം ഡിഫെൻഡറിൽ ഈ കള്ളനേക്കുറിച്ച് എഴുതിയിരുന്നു.)

പാസ്റ്ററായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇയാൾ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നുണ്ട്. ആ കമ്പനിക്കുവേണ്ടി ഒരു ബ്രോഷർ തയ്യാറാക്കാൻ ഈ കള്ളൻ ഗ്രാഫിക് ഡിസൈനറായ ഒരു സഹോദരനെ ചുമതലപ്പെടുത്തി. പേജിന് 150 റിയാൽ വച്ച് 30 പേജിന് 4500 റിയാൽ എന്ന് കൂലിയും നിശ്ചയിച്ചു. അതനുസരിച്ച് ഈ സഹോദരൻ ജോലി പൂർത്തിയാക്കി. പക്ഷേ ഫിലിപ്പ് പണം നൽകിയില്ല. മാനേജർ സ്ഥലത്തില്ല, ഒരാഴ്ച കഴിഞ്ഞുവരൂ, അടുത്ത മാസം പണം തരാം എന്നൊക്കെ പറഞ്ഞ് രണ്ടു വർഷത്തോളം വട്ടംകറക്കി. ഫിലിപ്പ് ഒരു പാസ്റ്ററായതുകൊണ്ട് ആ പാവം സഹോദരൻ എതിർത്ത് ഒരു വാക്കുപോലും പറഞ്ഞില്ല. എന്നാൽ താൻ കബളിപ്പിക്കപ്പെടുകയായിരുന്നു എന്ന് വളരെ വൈകിയാണ് അറിഞ്ഞത്. ഈ വസ്തുതകൾ വിവരിച്ചുകൊണ്ട് ഇദ്ദേഹം സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ എഴുതിയ കുറിപ്പു കണ്ടാണ് ഡിഫെൻഡർ വിഷയത്തിൽ ഇടപെട്ടതും ജനുവരി 10ന് മുൻപ് പ്രശ്നം തീർക്കാൻ ആവശ്യപ്പെട്ടതും.

പ്രശ്നം തീർക്കാൻ ഫിലിപ്പ് തയ്യാറായില്ലെന്നു മാത്രമല്ല ഈ സഹോദരനെ കള്ളക്കേസ്സിൽ കുടുക്കാനും ജയിലിൽ ആക്കാനും വരെ ശ്രമമുണ്ടായി. പണം തരാമെന്നു പറഞ്ഞ് ഫിലിപ്പിന്റെ ഓഫീസിലേക്കു വിളിപ്പിച്ചിട്ട് ഓഫീസ് ആക്രമിച്ചു എന്നു പറഞ്ഞ് കേസ്സുണ്ടാക്കാൻ പദ്ധതിയിട്ടു. അതു നടക്കാതായപ്പോൾ ആ ദേശക്കാരനായ ഒരാളുടെ സഹായത്തോടെ മറ്റെന്തെങ്കിലും കേസ്സ് ഉണ്ടാക്കാൻ ശ്രമിക്കയാണ്.

ഫിലിപ്പിന് മാനസാന്തരപ്പെടാനും തെറ്റു തിരുത്താനും സമയം കൊടുത്തിട്ടും അയാൾ അത് കൂടുതൽ തിൻമ ചെയ്യാൻ ഉപയോഗിക്കയാണ്. അതുകൊണ്ട് ഡിഫെൻഡർ അടുത്ത സ്റ്റെപ്പ് എടുക്കുന്നു. ഇയാളുടെ നേതൃത്വത്തിൽ ഇംഗ്ലീഷിൽ ആരാധന നടക്കുന്നത് മലയാളികൾ ''കൂട്ടബിൽഡിംഗ്'' എന്നു വിളിക്കുന്ന സ്ഥലത്താണ്. ഇവിടെ ആരാധിക്കുന്ന ദൈവമക്കൾ ജനുവരി 25ന് അകമായി ഇയാളെ പുറത്താക്കുകയോ സ്വയം പിരിഞ്ഞു പോകുകയോ ചെയ്യുക. അതു കഴിഞ്ഞ് ഇയാളുമായി ആത്മീയ കൂട്ടായ്മ നടത്തുന്നവർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിഫെൻഡർ ഉത്തരവാദി ആയിരിക്കുന്നതല്ല.

# ഏറെ സന്തോഷം വേണ്ട

റ്റി.എസ്.ബാലനെതിരെ കോടതിവിധിയുണ്ടായെന്നും ബാലൻ ജയിലിലായെന്നും കേട്ട് സന്തോഷിക്കുന്നവരുടെ അറിവിലേക്കായി പറയട്ടെ: സന്തോഷിക്കാൻ സമയമായിട്ടില്ല. ഹൈക്കോടതി, സുപ്രീം കോടതി എന്നിങ്ങനെ രണ്ടു കോടതികൾകൂടി ബാക്കിയുണ്ട്. ഈ കോടതികൾ കൂടി ബാലനെ കുറ്റവാളിയെന്നു വിധിച്ചാൽ മാത്രമേ ബാലൻ ജയിലിൽ പോകേണ്ടതുള്ളൂ.

ബാലൻ കഴിഞ്ഞ രണ്ടു വർഷമായി ജയിലിലാണെന്നത്രേ പാസ്റ്റർമാർ ഉൾപ്പെടെയുള്ള പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷവും ധരിച്ചിരിക്കുന്നത്. ബാലൻ ജയിലിലല്ലെന്നു പറഞ്ഞാൽ ഇവർ വിശ്വസിക്കയില്ല. ബാലൻ പുറത്തുണ്ടെന്ന് അറിയാവുന്നവർപോലും ഇത്തവണ ബാലൻ അകത്തായതുതന്നെ എന്നു കരുതുന്നു. ഈ രാജ്യത്തെ നിയമത്തേക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ തെറ്റിദ്ധരിക്കുന്നത്.

ബാലൻ കരഞ്ഞുപിഴിഞ്ഞ്, ആകെ നിരാശപ്പെട്ട് വീട്ടിലിരിക്കയാണെന്നു ധരിക്കുന്നവരുമുണ്ട്. ആശയുള്ളവർക്കേ നിരാശയുള്ളൂ. വലിയ ആശകളൊന്നും റ്റി.എസ്.ബാലനെന്ന ഈയുള്ളവനില്ല. അതുകൊണ്ട് നിരാശയുമില്ല. ഉണ്ണാനും ഉടുക്കാനും ഉള്ളതു വേണമെന്ന് ആശയുണ്ട്. അത് ദൈവം തരുന്നുണ്ട്. വീടിന്റെ വാടക ഉൾപ്പെടെ മറ്റു ചെലവുകൾക്കുള്ളതും ലഭിക്കുന്നു. മതി, ഇതിൽ അധികമൊന്നും വേണ്ട. സത്യത്തിനുവേണ്ടി നിലകൊള്ളുമ്പോൾ ഏറെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടതായി വരുമെന്നറിയാം. അതൊക്കെ സഹിക്കാൻ റ്റി.എസ്.ബാലനും കുടുംബാംഗങ്ങളും തയ്യാറാണ്.

ബാലൻ മഹാപാപിയാണെന്നു സ്ഥാപിച്ച് സ്വന്തം പാപം മൂടിവെയ്ക്കാൻ ശ്രമിക്കുന്നവരുടെ ശ്രദ്ധക്ക്: ബാലൻ പാപിയാണെന്നു തെളിഞ്ഞതുകൊണ്ട് നിങ്ങൾ പുണ്യാളൻമാരാണെന്നു തെളിയുകയില്ല. ബാലന് എന്തുതന്നെ സംഭവിച്ചാലും നിങ്ങളുടെ പാപം നിലനിൽക്കതന്നെ ചെയ്യും. അതുകൊണ്ട് ബാലനെതിരെ എഴുതി നിങ്ങളുടെ പാപത്തിനു വെള്ളപൂശാമെന്നു കരുതരുത്.

# വ്യാജരോഗശാന്തിയുമായി തട്ടിപ്പുവീരൻമാർ വിലസുന്നു

കൺവെൻഷൻ സീസൺ ആരംഭിച്ചതോടെ വ്യാജരോഗശാന്തിക്കാരുടെ കൊയ്ത്തുകാലവും ആരംഭിച്ചു. ഇപ്പോൾ നാടെങ്ങും രോഗശാന്തി ശുശ്രൂഷകൾ നടക്കുകയാണ്. പക്ഷേ യഥാർത്ഥ രോഗശാന്തി ഉണ്ടാകുന്നുമില്ല.

സുരേഷ് ബാബു, ടിനു ജോർജ്, തങ്കു, തോമസ്കുട്ടി, സാമച്ചൻ തുടങ്ങി ഒട്ടേറെ പേരുകൾ പറയാനുണ്ട്. പരിപാടി നടത്തുന്നത് ആരായാലും ഒരേ മാതൃകയിലാണ് പരിപാടി നടക്കുന്നത്.

ഗായകസംഘത്തിന്റെ കർണ്ണകഠോരമായ കലാപരിപാടിയോടെയാകും കൺവെൻഷൻ ആരംഭിക്കുക. ഉദ്ഘാടനം ഏതെങ്കിലും രാഷ്ട്രീയക്കാരൻ നടത്തും. പരിപാടിയുടെ നേതൃത്വം വഹിക്കുന്ന ചങ്ങാതിയുടേയും പണം മുടക്കിയവരുടേയും ഷൈനിംഗ് കൂടി കഴിയുമ്പോൾ പ്രസംഗകൻ എത്തും. ജനത്തെ ഇളക്കാൻ പറ്റിയ ഏതെങ്കിലും വാക്യം വായിച്ച് പ്രസംഗം ആരംഭിക്കും. പ്രസംഗകൻ പറയുന്ന ഓരോ വാക്കിനും ജനം ഹാലേലൂയ്യാ, സ്തോത്രം തുടങ്ങിയവ പറഞ്ഞുകൊള്ളണം. തന്റെ മഹത്വവും തന്റെ ശുശ്രൂഷയിലൂടെ നടന്നിട്ടുള്ള അത്ഭുതങ്ങളും പ്രസംഗകൻ വിവരിക്കും. ജനം ഹാലേലൂയ്യാ പറയും. മറിയാമ്മേ, നിന്റെ വയറ്റിൽ വേദന ഇതാ സൗഖ്യമാകുന്നു, ചാക്കോച്ചാ നിന്റെ തലവേദന ഇതാ മാറുന്നു എന്നൊക്കെ പ്രസംഗത്തിനിടയിൽ വിളിച്ചുപറയും. ഒടുവിൽ സാക്ഷാൽ രോഗശാന്തി ശുശ്രൂഷയാണ്. രോഗസൗഖ്യമുണ്ടായവരെ സ്റ്റേജിലേക്കു വിളിച്ച് സാക്ഷ്യം പറയിപ്പിക്കലാണ് ഏറ്റവും ഒടുവിൽ ചെയ്യുന്നത്.

രണ്ടു കിഡ്നിയും പ്രവർത്തിക്കാത്തവർക്ക് പ്രാർത്ഥന കഴിഞ്ഞയുടൻ കിഡ്നി പ്രവർത്തിക്കാൻ തുടങ്ങി. ചിലരുടെ ബ്ലഡ് പ്രഷർ മാറി. മറ്റുചിലരുടെ പ്രമേഹം മാറി. ഈ രോഗങ്ങളൊക്കെ മാറിയെന്ന് എങ്ങനെയാണ് അവർ അറിഞ്ഞത്? രോഗം മാറിയെന്ന് വിശ്വസിക്കുന്നു, അത്രതന്നെ. തലവേദന, വയറ്റിൽ വേദന തുടങ്ങി പുറത്തു കാണാനാവാത്ത രോഗങ്ങളെല്ലാം സൗഖ്യമാകും. പക്ഷേ അല്പംപോലും കാഴ്ചയില്ലാത്തവർ സൗഖ്യമായിട്ടുണ്ടോ? മുടന്തന്റെ കാല് സൗഖ്യമായിട്ടുണ്ടോ? ഒന്നാം നൂറ്റാണ്ടിൽ നടന്നതുപോലെയുള്ള ഏതെങ്കിലും രോഗസൗഖ്യമുണ്ടായിട്ടുണ്ടോ?

അത്ഭുതമെന്ന് തീർത്തു പറയാവുന്ന ഏതെങ്കിലും രോഗസൗഖ്യം ഇത്തരം യോഗങ്ങളിൽ നടന്നിട്ടുള്ളതായി അറിവില്ല. ഉണ്ടെങ്കിൽ എവിടെ? വിശദ വിവരം തരിക. നമുക്കന്വേഷിക്കാം.

ഒന്നാം നൂറ്റാണ്ടിൽ രോഗികളെ സൗഖ്യമാക്കിയ കർത്താവിന് ഇന്നും രോഗികളെ സൗഖ്യമാക്കാൻ കഴിയും. കർത്താവ് അങ്ങനെ ചെയ്യുന്നുമുണ്ട്. പക്ഷേ രോഗശാന്തിശുശ്രൂഷയെന്നു കൊട്ടിഘോഷിച്ചു നടത്തുന്ന യോഗങ്ങളിൽ രോഗശാന്തി നടക്കുന്നതേയില്ല. രോഗശാന്തി ഉണ്ടായെന്നു പ്രചരിപ്പിച്ച് ജനവഞ്ചന നടത്തുകയാണ് ചെയ്യുന്നത്. ഇത് തട്ടിപ്പാണ്.

വഴിയും സത്യവും ജീവനുമായ യേശുവിന് മഹത്വമുണ്ടാക്കിക്കൊടുക്കാനെന്ന വ്യാജേന ഇവർ ഭോഷ്ക്കു പറയുകയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ഭോഷ്ക്കിന്റെ ആത്മാവാണ്. ഇത്തരം പരിപാടികളിലൂടെ മഹത്വപ്പെടുന്നത് സാത്താന്റെ നാമമാണ്. ഇത്തരക്കാരുടെ തട്ടിപ്പ് ദൈവജനം തിരിച്ചറിയണം.

ദി ഡിഫെൻഡർ

Vol. No.11 Issue No. 2 2008 January 16

# സുവിശേഷീകരണത്തിന്റെ മറവിൽ അനാവശ്യ ധൂർത്ത്

സുവിശേഷയോഗങ്ങൾ നടത്തുന്നത് തെറ്റല്ല. യോഗം നടക്കുന്ന വിവരം പൊതുജനങ്ങളെ അറിയിക്കാൻ പരസ്യം നൽകുന്നതും തെറ്റല്ല. പക്ഷേ പരസ്യത്തിന്റെ പേരിലുള്ള ധൂർത്ത് സകല അതിരും ഭേദിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. സംശയമുള്ളവർ കണ്ണു തുറന്ന് നോക്കുക.

പെന്തക്കോസ്തുകാർ മാത്രമല്ല പൊതുയോഗങ്ങൾ നടത്തുന്നത്. ഇതര ക്രൈസ്തവ വിഭാഗങ്ങളും ഹിന്ദുക്കളും മുസ്ലീങ്ങളും രാഷ്ട്രീയക്കാരും ഒക്കെ വിവിധതരം യോഗങ്ങൾ നടത്തുന്നുണ്ട്. പക്ഷേ പരസ്യത്തിനായി പണം മുടക്കുന്ന കാര്യത്തിൽ രാഷ്ട്രീയക്കാരേപ്പോലും പെന്തക്കോസ്തുകാർ തോല്പിച്ചിരിക്കുന്നു. സുവിശേഷീകരണത്തിനായി പിരിച്ചെടുത്ത പണമാണ് ഇങ്ങനെ ദീപാളികുളിക്കുന്നത്.

പത്തനംതിട്ട ജില്ലയിൽ നടക്കുന്ന ഒരു കൺവെൻഷന്റെ പരസ്യം ഈയിടെ കണ്ടു. ഒരു മതിലിൽ 40 പോസ്റ്ററുകൾ നിരത്തി ഒട്ടിച്ചിരിക്കുന്നു. മറ്റു പല മതിലുകളിലും ഇതേവിധത്തിൽ പോസ്റ്ററുകൾ കണ്ടു. പ്രസംഗകരുടേയും സംഘാടകരുടേയും ഫോട്ടോകൾ നിരത്തി വെച്ചവയാണ് പോസ്റ്ററുകൾ. എല്ലാ പോസ്റ്റുകളിലുമുണ്ട് ചെറിയ പോസ്റ്ററുകൾ. പരസ്യക്കമ്പനിക്കാർ തോറ്റോടുന്ന വലിപ്പത്തിലുള്ള പരസ്യ ബോർഡുകളും കണ്ടു. സുരേഷ് ബാബു വരുന്നതായി പ്രഖ്യാപിക്കുന്ന അത്യുഗ്രൻ പരസ്യ ബോർഡുകൾ യോഗം നടക്കുന്നതിന് ആറു മാസം മുൻപുതന്നെ വഴിയോരങ്ങളിൽ നിരന്നു.

കപ്പയും മീനും തിന്നുന്നവരല്ല ഇന്നത്തെ പെന്തക്കോസ്തുകാർ. ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ല എന്നതാണ് സ്ഥിതി. ഇനി തങ്ങളുടെ മഹത്വം നാലാളെ അറിയിക്കണം. അതിന് ഇതല്ലാതെ മാർഗ്ഗമില്ല. തങ്ങളുടെ മാത്രം ചിത്രം വച്ച് പോസ്റ്ററടിച്ചാൽ ജനം കൂടിയില്ലെന്നുവരാം. അതുകൊണ്ട് ഉണർവ്വു പ്രസംഗകരെന്നു പേരെടുത്ത ഏതെങ്കിലും കുറെ കള്ളൻമാരേക്കൂടി ക്ഷണിക്കും. സുരേഷ് ബാബു, സാമച്ചൻ, കെ.എ.ഏബ്രഹാം, ടിനു ജോർജ്, എം.എ,വർഗീസ്, റാം ബാബു തുടങ്ങിയവരൊക്കെ ഈ ഗ്രൂപ്പിലുള്ളവരാണ്. അത്ഭുത രോഗശാന്തി, അഗ്നിമഴ, ഉണർവ്വ്, ബ്ലസ്സ് തുടങ്ങിയ വാക്കുകൾ കൂട്ടിച്ചേർത്ത് യോഗത്തിന് പേരിടും. പിന്നീട് പരസ്യം ചെയ്യൽ ആരംഭിക്കും. പരസ്യം കണ്ട് ജനം കൂടും. വിശേഷിച്ച് ഒന്നും നടക്കാതെ യോഗം പര്യവസാനിക്കയും ചെയ്യും.

# സത്യം സത്യമായി

അങ്ങനെ, കാരണവർ തറവാട്ടിൽ തിരിച്ചെത്തി. ഇതുവരെ എവിടെയായിരുന്നു എന്ന് ചോദിക്കരുത്. കാരണം, നിരുപാധികമാണ് തിരിച്ചു വന്നിരിക്കുന്നത്. അതുകൊണ്ട് വിഷമിപ്പിക്കുന്ന ചോദ്യങ്ങൾ ഒഴിവാക്കണം.

കാരണവരുടെ മടങ്ങിവരവു പ്രമാണിച്ച് യോഗം വേണോ എന്നതായിരുന്നു കഴിഞ്ഞ ദിവസങ്ങളിൽ കോൺഗ്രസ്സിനെ അലട്ടിയ പ്രധാന പ്രശ്നം. ഇപ്പോൾ അതിനും പരിഹാരമായിരിക്കുന്നു. ഫെബ്രുവരി ഒന്നിന് മറൈൻ ഡ്രൈവിൽ യോഗം നടത്തും. ഉമ്മൻ ചാണ്ടി ഉൾപ്പെടെ സകല കുഞ്ഞുകുട്ടി പരാദീനങ്ങളും പങ്കെടുക്കും. പിതാജി മടങ്ങിച്ചെല്ലുന്നതോടെ ഉമ്മൻ ചാണ്ടിക്കും രമേശ് ചെന്നിത്തലയ്ക്കും ഉറക്കമില്ലാത്ത രാവുകളായിരിക്കും ഉണ്ടാകുക എന്ന് പുത്രൻജി പ്രഖ്യാപിച്ചിട്ടുണ്ട്. അതു തെറ്റാണെന്നു തെളിയിക്കേണ്ടത് കോൺഗ്രസ്സ് നേതാക്കളുടെ ആവശ്യമാണ്. അതിന് യോഗം കൂടിയേ കഴിയൂ. യോഗത്തിൽ എല്ലാവരും പങ്കെടുക്കുകയും വേണം. ഇതിനുള്ള തയ്യാറെടുപ്പാണ് ഇപ്പോൾ നടക്കുന്നത്. എങ്ങനെയെങ്കിലും ഈ യോഗമൊന്നു തീർക്കണം. അതു കഴിഞ്ഞുവേണം ഗ്രൂപ്പുകളി തുടങ്ങാൻ.

കോൺഗ്രസ്സിൽ ഗ്രൂപ്പ് നിഷിധമല്ലെന്ന് ഉമ്മൻ ചാണ്ടി പ്രസ്താവിച്ചിരിക്കുന്നു.സംഗതി പിടികിട്ടിയോ? ഇല്ലെങ്കിൽ പറയാം: ഗ്രൂപ്പില്ലാതെ ഇനി പിടിച്ചു നിൽക്കാനാവില്ല. കാരണം, കാരണവർ മടങ്ങി വന്നിരിക്കുന്നു. പക്ഷേ ഒരു പ്രശ്നം: പഴയ ഗ്രൂപ്പ് സമവാക്യങ്ങളൊക്കെ മാറിമറിഞ്ഞിരിക്കുന്നു. ആന്റണി ഗ്രൂപ്പിലെ ആന്റണി ഇപ്പോൾ പഴയ ആന്റണിയല്ല. ലീഡർ പഴയ ലീഡറുമല്ല. എത്ര ഗ്രൂപ്പ് ഉണ്ടാകുമെന്നും ആരൊക്കെ ഏതൊക്കെ ഗ്രൂപ്പിൽ ചേരുമെന്നും ഇപ്പോൾ പറയാനാവില്ല.

കാരണവർക്ക് കോൺഗ്രസ്സിൽ ഉചിതമായ സ്ഥാനം നൽകുമെന്ന് ഉമ്മൻചാണ്ടി പറയുന്നു. എന്താകും കിട്ടുക എന്ന് പുത്രൻജി പണ്ടേ പ്രവചിച്ചിട്ടുള്ളതാണ്. ഒന്നെങ്കിൽ ഒരു ഗവർണ്ണർസ്ഥാനം, അല്ലെങ്കിൽ ഒരു സ്ഥിരം ക്ഷണിതാവിന്റെ സ്ഥാനം. ഇവയിൽ ഏതുവേണമെങ്കിലും പണ്ടേ കിട്ടുമായിരുന്നല്ലോ എന്നാണ് മുരളീധർജി പറയുന്നത്. അതു ശരിയാണെന്നു സമ്മതിക്കാതെ വയ്യ. ഈ കോലാഹലമെല്ലാം ഉണ്ടാക്കി പുറത്തുവന്ന് പുതിയ പാർട്ടിവരെ ഉണ്ടാക്കിയത് ഇതിനൊക്കെവേണ്ടിയായിരുന്നോ?

എന്തിനാണ് കോൺഗ്രസ്സിൽ പുറത്തു വന്നതെന്ന് അല്പമെങ്കിലും ബുദ്ധിയുള്ള ആർക്കും അറിയാം. ഇടതുപക്ഷം രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുമെന്നും മുന്നണിയിലെ രണ്ടാം കക്ഷിയാകാമെന്നും തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ തറപറ്റിക്കാമെന്നും ഇടതുപക്ഷ ഭരണത്തിൽ ആഭ്യന്തരം ഉൾപ്പെടെ പ്രധാന വകുപ്പുകൾ കയ്യാളാമെന്നും മറ്റുമായിരുന്നു പ്രതീക്ഷ. ആറു മാസം കഴിയുമ്പോൾ തന്റെ പോലീസ് വരുമെന്നു പറഞ്ഞത് ഈ കാരണത്താലാണ്. അഞ്ചുവർഷം തീരാറാകുമ്പോൾ ഇടതു മുന്നണിയിൽ കലാപമുണ്ടാക്കാം. ലീഡറില്ലാത്ത കോൺഗ്രസ്സിന് നിലനിൽപ്പില്ലെന്നു വരുത്തി തീർത്തിട്ട് കോൺഗ്രസ്സിലേക്കു മടങ്ങാം. അങ്ങനെ കോൺഗ്രസ്സിനേയും കൈപ്പിടിയിൽ ഒതുക്കാം. പിന്നീടുള്ള തെരഞ്ഞെടുപ്പിൽ ഇടതു പക്ഷത്തെ തോല്പിച്ച് വീണ്ടും അധികാരം പിടിച്ചെടുക്കാം. ചുരുക്കത്തിൽ ലീഡർ എവിടെയുണ്ടോ അവിടെയാണ് ജനങ്ങൾ എന്നു പത്രക്കാർ പറയും. ഇതൊക്കെയായിരുന്നു കണക്കുകൂട്ടൽ. പക്ഷേ ഇടതുപക്ഷം കൈവിട്ടതോടെ എല്ലാം തകർന്നു. ആർക്കും വേണ്ടാത്ത സ്ഥിതിയായി. എൻ.സി.പി അത്രവലിയ ആനയല്ലെന്ന് ദേശീയ സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ മനസ്സിലായി. കോൺഗ്രസ്സിലേക്കു മടങ്ങുകയല്ലാതെ വേറെ വഴിയില്ലെന്നുവന്നു. ഇതാണു മാളോരെ പച്ചയായ സത്യം.

കോൺഗ്രസ്സിൽ ഗ്രൂപ്പുണ്ട്. പക്ഷേ സി.പി.എമ്മിൽ ഗ്രൂപ്പുണ്ടോ? ഇല്ലെന്ന് സകല സി.പി.എമ്മുകാരും ആണയിടും. പിന്നെയുള്ളത് അല്പം വിഭാഗീകതയാണ്. കോട്ടയം സമ്മേളനം കഴിയുന്നതോടെ അതും ഇല്ലാതാകും. സംഗതി ക്ലീൻ. ഒന്നു ചോദിച്ചോട്ടെ, ഈ ഗ്രൂപ്പും വിഭാഗികതയയും തമ്മിലുള്ള വ്യത്യാസമെന്താണ്? കോൺഗ്രസ്സുകാർ ഗ്രൂപ്പെന്നും സി.പി.എമ്മുകാർ വിഭാഗികതയെന്നും വിളിക്കുന്ന തൊഴുത്തിൽക്കുത്ത് ഒന്നുതന്നെയല്ലേ സഖാക്കളേ? ഏതായാലും കോട്ടയം സമ്മേളനം കഴിയുന്നതോടെ വിഭാഗീകത ഇല്ലാതാകും എന്നു പറയുന്നതിൽ അല്പം കഴമ്പുണ്ടെന്നു പറയാതെവയ്യ. കാരണം, ഔദ്യോഗികപക്ഷം എല്ലായിടത്തും മറുപക്ഷത്തെ വെട്ടിനിരത്തുകയല്ലേ. ഒരു പക്ഷമേ ഒടുവിൽ ഉണ്ടാകൂ. അതോടെ വിഭാഗീകത ഇല്ലാതാകും. ഇതിൽ ഭേദം കോൺഗ്രസ്സിലെ ഗ്രൂപ്പാണ്. അവിടെ വെട്ടിനിരത്തൽ എന്നൊരു പരിപാടി ഇല്ലല്ലോ.

ആർ.എസ്.പിയിൽ ഗ്രൂപ്പുണ്ടോ? അതോ വിഭാഗീകതയാണോ ഉള്ളത്? ഏതോ ഒന്ന് അവിടെയും ഉണ്ടെന്നു തീർച്ച. പഴയ സംസ്ഥാന സെക്രട്ടറിയെ തെരഞ്ഞെടുപ്പിലൂടെ തോല്പിച്ച് പുതിയ സെക്രട്ടറി അധികാരത്തിലേറിയിരിക്കുന്നു. മാത്രമല്ല, സംസ്ഥാനത്തു തോറ്റതോടെ പഴയ സെക്രട്ടറിക്ക് കേന്ദ്രസെക്രട്ടറിയാകാനുള്ള പഴുതും അടഞ്ഞിരിക്കുന്നു. ഒരു വെടിക്ക് രണ്ടു പക്ഷി എന്നു പറയാനാവില്ല എന്നു മാത്രം. കാരണം, വെടി രണ്ടും കൊണ്ടത് ഒരു പക്ഷിക്കുതന്നെയാണ്. പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്നു പറഞ്ഞതുപോലെ പിളർന്നു പിളർന്ന് നൂലുപോലായിരിക്കയാണ് ആർ.എസ്.പി. ഇന്നത്തെ നിലയ്ക്ക് ഒന്നുകൂടി പിളരാനുള്ള ത്രാണിയില്ല. പക്ഷേ പിളാരാതെ പറ്റില്ല എന്നുവന്നാൽ നേരെ രണ്ടായി മുറിക്കാം. വലിയ കഷണം പുതിയ സെക്രട്ടറിക്കെടുക്കാം.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

**(പ്രത്യേക ശ്രദ്ധക്ക്: ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും വിദേശത്തുനിന്നു വലിയ തുക ധനസഹായമായി ലഭിക്കുമെന്നു പറഞ്ഞ് സമീപിക്കുന്നവരെ സൂക്ഷിക്കുക. അത് തട്ടിപ്പാണ്.)**

# രണ്ടു ഭാര്യയുള്ളവൻ പാസ്റ്ററായി വിലസുന്നു



രണ്ടു ഭാര്യയുള്ളവനെ പാസ്റ്ററാക്കാമോ? ആക്കാം. ആക്കിയില്ലെങ്കിൽ സ്വയം പാസ്റ്ററായി പ്രഖ്യാപിക്കാം. കെ.കെ.കുര്യൻ അതാണ് ചെയ്തത്. ചങ്ങനാശ്ശേരിക്കു സമീപമുള്ള മടുക്കുമ്മൂട് (തൃക്കൊടിത്താനം) ബഥേൽ പ്രയർ ഹൗസ് എന്ന പരിപാടിയുമായി കൂടിയിരിക്കുന്ന ഈ ചങ്ങാതിക്ക് ഭാര്യമാർ രണ്ട്. ആദ്യഭാര്യയും മൂന്നു കുട്ടികളും ബോംബെയിൽ. രണ്ടാമത്തേത് ഒപ്പമുണ്ട്.

കുറേക്കാലം മുൻപ് ഇയാൾ ബോംബെയിൽ ജോലിചെയ്തിരുന്നു. അക്കാലത്ത് അവിടെ ഭാര്യയുണ്ടായിരുന്നു. മൂന്നു മക്കളും ഉണ്ടായി. അവരിൽ ഒരാൾ ഇപ്പോൾ അന്ധനാണ്. (പേര് ബോബി. ഫോൺ: 09846922602). ഏതാനും വർഷം മുൻപ് ഇയാൾ ഭാര്യയേയും മക്കളേയും ഉപേക്ഷിച്ച് കേരളത്തിലെത്തി. ജീവനാംശം ലഭിക്കാനായി ഭാര്യ കേസ്സ് കൊടുത്തു. മാസം 1500 രൂപ നൽകാൻ കോടതി വിധിക്കയും ചെയ്തു. പക്ഷേ ഒരു ചില്ലിക്കാശുപോലും ഈ നീചൻ കൊടുത്തില്ല.

കേരളത്തിലെത്തിയശേഷം ഇയാൾ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചു. ഓതറയ്ക്കു സമീപം കുറെ സ്ഥലം വാങ്ങി താമസവും തുടങ്ങി. ഒരു പണിയുമില്ലെങ്കിൽ ഉപദേശിയാകാമല്ലോ. അങ്ങനെ ഇയാൾ പാസ്റ്ററായി. ഇപ്പോൾ തൃക്കൊടിത്താനത്ത് സുവിശേഷീകരണം പൊടിപൊടിക്കുന്നു. (Ph: 0481-2726452).

ഇയാൾക്കു രണ്ടു ഭാര്യമാരുണ്ടെന്നു ജനം അറിഞ്ഞുതുടങ്ങിയതോടെ അടവൊന്നു മാറ്റി. ഇപ്പോൾ കൂടെയുള്ളത് ഭാര്യയല്ല പെങ്ങളാണ് എന്നത്രേ പ്രചരണം. ഫോൺ വിളിച്ചാൽ മറുപടി കിട്ടാനും ബുദ്ധിമുട്ട്. റോങ് നമ്പറാണെന്നു പറയും.

# അന്ന് ഡിഫെൻഡർ പറഞ്ഞത് ഇന്ന് ടി.പിയുടെ മകൻ പറയുന്നു

ഡിഫെൻഡർ പറയുന്നതെല്ലാം പച്ചക്കള്ളമാണെന്ന് പെന്തക്കോസ്ത് സഭാനേതാക്കൻമാർ പ്രചരിപ്പിക്കുന്നു. വിവരംകെട്ട വിശ്വാസികൾ ഈ പ്രചരണം കണ്ണടച്ച് വിശ്വസിക്കുന്നു. പക്ഷേ ഡിഫെൻഡർ പറയുന്നത് തികച്ചും സത്യമാണെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കയാണ്. ശാരോൻ സെക്രട്ടറിയും വരുംകാല പ്രസിഡന്റുമായ ടി.പി.ഏബ്രഹാമിന്റെ മകന്റെ കഥതന്നെ നല്ല ഉദാഹരണം.

ആവശ്യത്തിലധികം സ്വാതന്ത്ര്യം കൊടുത്ത് വളർത്തിയതുമൂലം വഷളായ കുട്ടിയാണിവൻ. അതുകൊണ്ടുതന്നെ എന്തു വൃത്തികേടും കാണിക്കാൻ ഇവന് രണ്ടുവട്ടം ആലോചിക്കേണ്ടിയിരുന്നില്ല. ടി.പിയുടെ മകനായതുകൊണ്ട് ആരും ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ടുമില്ല. ഇങ്ങനെ തോന്ന്യാസവുമായി നടന്ന ഇവൻ അയൽവാസിയായ ഒരു സെന്റർ പാസ്റ്ററുടെ മകനുമായി അടുത്തു. അത് ക്രമേണ പ്രകൃതിവിരുദ്ധ ബന്ധമായി വളർന്നു. കലാപരിപാടികൾ സ്ഥിരം പതിവായതോടെ അരമനരഹസ്യം അങ്ങാടിപ്പാട്ടായി. ഡിഫെൻഡർ ഇതേപ്പറ്റി എഴുതി. പക്ഷേ തന്റെ മകൻ പ്രകൃതിവിരുദ്ധനാണെന്ന് അംഗീകരിക്കാൻ ടി.പി. തയ്യാറായില്ല. ഡിഫെൻഡർ തന്റെ മകനെ നുണക്കഥകളെഴുതി അപമാനിക്കയാണെന്നത്രേ ടി.പി പറഞ്ഞത്. ഇത്രയും കാര്യങ്ങൾ കഥയുടെ ഒന്നാം ഭാഗം. ഇനി പറയാൻ പോകുന്നത് രണ്ടാം ഭാഗം.

മകൻ വളർന്നു. യുവാവായി. മറ്റു പെന്തക്കോസ്ത് നേതാക്കൻമാരുടെ മക്കളേപ്പോലെ ടി.പിയുടെ മകനും വിദേശത്തേക്കുപോയി. ഈയിടെ അവധിക്ക് നാട്ടിലെത്തി. വിദേശത്തുനിന്നു വരുന്നവർ മലയാളം പറയുന്നത് കുറച്ചിലാണല്ലോ. അതുകൊണ്ട് ആലുവ ശാരോനിൽ സഭായോഗത്തിന് പുത്രൻ ഇംഗ്ലീഷിൽ പ്രസംഗിച്ചു. മാതാവ് പരിഭാഷപ്പെടുത്തി.

അങ്ങനെ കാര്യങ്ങൾ പുരോഗമിക്കുമ്പോഴാണ് അപ്രതീക്ഷിതമായി ചില വിഷമപ്രശ്നങ്ങളുണ്ടായത്. മകൻ തന്റെ കഴിഞ്ഞകാല ജീവിതത്തേക്കുറിച്ച് വിവരിക്കാൻ തുടങ്ങി. താൻ അറുവഷളനായാണ് ജീവിച്ചിരുന്നതെന്നും ചെയ്യാത്ത പാപങ്ങളില്ലെന്നും മറ്റും തുറന്നു സമ്മതിച്ചു. മാതാപിതാക്കളുടെ കണ്ണുവെട്ടിച്ച് പാപത്തിൽ ജീവിച്ചിരുന്ന തനിക്ക് ഇപ്പോൾ പശ്ചാത്താപമുണ്ടെന്നും ഇനി വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹമുണ്ടെന്നും വരെ പറഞ്ഞു. ഇതൊക്കെ പരിഭാഷപ്പെടുത്താൻ മാതാവ് പാടുപെട്ടു. ഇംഗ്ലീഷ് അറിയാവുന്നവർ സഭയിൽ ഉണ്ടായിരുന്നതുകൊണ്ട് തെറ്റിച്ച് പരിഭാഷപ്പെടുത്താനും പറ്റില്ല. അതുകൊണ്ട് വളരെ ബുദ്ധിമുട്ടി പരിഭാഷ നടത്തി.

ഡിഫെൻഡർ തന്റെ മകനേക്കുറിച്ച് അപവാദം പ്രചരിപ്പിക്കയാണെന്നു പറഞ്ഞു നടന്ന ടി.പിക്ക് ഇപ്പോൾ എന്താണു പറയാനുള്ളതെന്ന് അറിഞ്ഞാൽ കൊള്ളാം. ഏതായാലും തെറ്റ് ഏറ്റുപറഞ്ഞ മകനെ ഡിഫെൻഡർ അഭിനന്ദിക്കുന്നു. തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ ദൈവം ശക്തീകരിക്കട്ടെ. (ഇനി ടി.പിയുടെ മകൾകൂടി മാനസാന്തരപ്പെട്ടാൽ കാര്യം ശുഭം).

# തോമസ്കുട്ടി അടങ്ങുന്നില്ല

എങ്ങനെയെങ്കിലും സപ്ലിമെന്റ് കിട്ടിയേ അടങ്ങൂ എന്ന വാശിയിലാണ് വചനഘോഷണം തോമസ്കുട്ടി. അതിനായി പതിനെട്ടടവും പയറ്റുകയാണ് ഈ ചങ്ങാതി.

റാന്നിയിൽ നിന്നും വചനഘോഷണം എന്ന പത്രം പ്രസിദ്ധീകരിക്കുന്ന തോമസ്കുട്ടിയെന്ന തട്ടിപ്പുവീരനേക്കുറിച്ചാണ് പറഞ്ഞുവരുന്നത്. എറണാകുളത്ത് നടക്കാൻ പോകുന്ന ബോങ്കെ ക്രൂസേഡിന്റെ ഒരു സപ്ലിമെന്റ് കിട്ടണമെന്ന് തോമസ്കുട്ടി സംഘാടകരോട് ആവശ്യപ്പെട്ടതും സപ്ലിമെന്റ് കൊടുത്തില്ലെങ്കിൽ യോഗസ്ഥലത്ത് ബോംബു പൊട്ടുമെന്നു വാർത്ത പരത്തി യോഗം കലക്കുമെന്നു ഭീഷണിപ്പെടുത്തിയതും കഴിഞ്ഞ ലക്കത്തിൽ എഴുതിയിരുന്നല്ലോ. സപ്ലിമെന്റ് കിട്ടാനായുള്ള സമ്മർദ്ദതന്ത്രം തോമസ്കുട്ടി ഇപ്പോഴും തുടരുകയാണ്.

തോമസ്കുട്ടിക്ക് സപ്ലിമെന്റ് കൊടുത്തില്ലെങ്കിൽ യോഗം അലങ്കോലമാകുമെന്നും യോഗം നടക്കാതായാൽ അത് വലിയ പ്രശ്നമാകുമെന്നും മറ്റും ഒരു പാസ്റ്റർ സംഘാടകരെ അറിയിച്ചു. പക്ഷേ അടവു ഫലിച്ചില്ല. റാന്നിയിലെ ബാബു ജോർജിനെക്കൊണ്ട് ശുപാർശ ചെയ്യിക്കാനും ശ്രമമുണ്ടായി. ചില പത്രക്കാരേക്കൊണ്ട് റെക്കമന്റ് ചെയ്യിക്കാനുള്ള ശ്രമവും നടന്നുവരുന്നു. പക്ഷേ തോമസ്കുട്ടിയുടെ പത്രത്തിന് സപ്ലിമെന്റ് കൊടുക്കില്ലെന്നും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നേരിടാൻ തയ്യാറാണെന്നുമുള്ള ഉറച്ച നിലപാടിലാണ് സംഘാടകർ. ഇനി തോമസ്കുട്ടി എന്തു തരത്തിലുള്ള തന്ത്രമാണ് പയറ്റുക എന്ന് കണ്ടുതന്നെ അറിയണം.




# റ്റി.എസ്.ഏബ്രഹാം ചിത്രത്തിലില്ല

ഐ.പി.സിയുടെ ഏകനും പ്രത്യക്ഷനുമായ ജനറൽ മിനിസ്റ്ററാണ് റ്റി.എസ്.ഏബ്രഹാം. ആരോഗ്യപരമായ കാരണങ്ങളാൽ വ്യഭിചാരവും മറ്റും നിർത്തി പരമ വിശുദ്ധനായി കഴിയുകയാണ് ഈ മാന്യദേഹം. ഐ.പി.സിയിലെ ഏറ്റവും വലിയ നേതാവാണ് ഈ ചങ്ങാതി എന്നാണ് വെയ്പ്. ഇയാളില്ലാതെ ഐ.പി.സിയില്ല എന്നു പറയാം. സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ഇത്തവണത്തെ കുമ്പനാട് കൺവെൻഷനുമായി ബന്ധപ്പെട്ട് നാടെങ്ങും പതിച്ചിരിക്കുന്ന പോസ്റ്ററുകളിൽ റ്റി.എസ്.ഏബ്രഹാമിന്റെ പൊടിപോലും കാണാനില്ല. ജീവിച്ചിരിക്കെതന്നെ ചത്തു എന്നു പറയാം.

പോസ്റ്ററിൽ നാലു തലകളാണുള്ളത്. കെ.സി.ജോണിന്റെ ഇമ്മിണി മുഴുത്ത തല. വൽസന്റെ ചെറിയ തല. കെ.എം.ജോസഫ്, കെ.സി.തോമസ് എന്നിവരുടെ ആവറേജ് തലകൾ. കഴിഞ്ഞൂ കഥ. ഐ.പി.സിയിലെ പ്രധാന ദൈവങ്ങൾ ഇപ്പോൾ ഇവരാണ്. റ്റി.എസ്. ചിത്രത്തിലില്ല. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ റ്റി.എസ്സിന്റെ ചിത്രമേയില്ല. എന്തുപറ്റിയെന്ന് ഒരു പിടിയും കിട്ടുന്നില്ല.




# ഐരൂരിന് കുലുക്കമില്ല

നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്നറിഞ്ഞാൽ മതി എന്നാണ് ചൊല്ല്. ദാനിയേൽ ഐരൂർ എങ്ങനെയുള്ളവനാണെന്നറിയാൻ ഇയാളുടെ സ്നേഹിതർ ആരെന്നു നോക്കിയാൽ മതി.

ദാനിയേൽ ഐരൂരിന്റെ നേതൃത്വത്തിൽ തിരുവില്വാമലയിൽ പ്രവർത്തിക്കുന്ന ശിശുഭവനിലെ പെൺകുട്ടികൾ ലൈംഗിക പീഡനത്തിനിരയായ വാർത്ത കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. സ്ഥാപനത്തിന്റെ നടത്തിപ്പുകാരനും ഐരൂരിന്റെ പ്രസ്ഥാനത്തിലെ ഒരു സെന്റർപാസ്റ്ററുമായ വർക്കി മത്തായിയാണ് ഈ ഹീനകൃത്യം ചെയ്തത്. ഈ നീചൻ ഇപ്പോൾ ഒളിവിലുമാണ്. പക്ഷേ ദാനിയേൽ ഐരൂർ ഇയാൾക്കെതിരായി ഒരു നടപടിയും എടുത്തിട്ടില്ല. എടുക്കാൻ പദ്ധതിയില്ലെന്നു പലരോടും പറഞ്ഞതായും അറിഞ്ഞു. ഇത്ര നീചമായ ഒരു പാപം ചെയ്തവനെതിരെ നടപടിയെടുക്കാൻ ഇയാൾ എന്തുകൊണ്ട് തയ്യാറാകുന്നില്ല? ഇയാളുടെ കൈയ്യിലിരുപ്പും ഇതുതന്നെ.

# സൈബർ കേസ്സും ചില പ്രശ്നങ്ങളും

സൈബർ കേസ്സിൽ ഞാൻ (റ്റി.എസ്.ബാലൻ) കൊടുത്തിരുന്ന അപ്പീൽ ഭാഗീകമായി മാത്രം അനുവദിച്ച് കോടതി ഉത്തരവായ കാര്യം ഒന്നാം പേജിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. ഇതുമായി ബന്ധപ്പെട്ട് മറ്റു ചില കാര്യങ്ങൾ കൂടി പറയാനുണ്ട്.

കമ്പ്യൂട്ടറുമായി ബന്ധപ്പെട്ടതാണ് ഈ കേസ്സ് എന്ന് വിശേഷിച്ചു പറയേണ്ടതില്ല. പ്രധാനമായി രണ്ടു കുറ്റങ്ങളാണ് ഈ കേസ്സിൽ പ്രതികൾക്കെതിരെ ഉന്നയിച്ചിരുന്നത്. 1. വ്യാജ ഈമെയിൽ അയച്ചു. 2. പരാതിക്കാരന്റെ കമ്പ്യൂട്ടറിലെ ഡേറ്റ മായിച്ചുകളഞ്ഞു. മറ്റു വകുപ്പുകളൊക്കെ ഇതുമായി ബന്ധപ്പെട്ടുള്ളതാണ്. കമ്പ്യൂട്ടറിൽ സാമാന്യ ജ്ഞാനമെങ്കിലുമില്ലാത്തവർക്ക് ഈ കേസ്സ് മനസ്സിലാകുകയില്ല.

ഇവിടെയാണ് സുപ്രധാന നിയമപ്രശ്നങ്ങൾ ഉദിക്കുന്നത്. കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്ത പോലീസ് ഉദ്യോഗസ്ഥർക്ക് ഇത്തരം കേസ്സുകൾ ഫലപ്രദമായി അന്വേഷിക്കാൻ കഴിയുമോ എന്നതാണ് ആദ്യത്തെ പ്രശ്നം. കമ്പ്യൂട്ടറിന്റെ മൗസ് മോനിട്ടറിലാണ് ഘടിപ്പിക്കുന്നതെന്നു മൊഴികൊടുത്ത ഡി.വൈ.എസ്.പി രാമചന്ദ്രൻ നായരാണ് കേസ്സ് അന്വേഷിച്ചത്. റ്റി.എസ് ഏബ്രഹാമിന്റെ കൂലിക്കാരനായ ശ്രീജു എന്ന കമ്പ്യൂട്ടർ വിദഗ്ദ്ധൻ പറഞ്ഞുകൊടുത്തതെല്ലാം അതേപടി അനുസരിക്ക മാത്രമാണ് പോലീസ് ഉദ്യോഗസ്ഥൻ ചെയ്തത്. ഞങ്ങൾക്കെതിരെ നിരവധി തെളിവുകൾ കെട്ടിച്ചമയ്ക്കാൻ ശ്രീജുവിനു സാധിച്ചത് ഈ കാരണത്താലാണ്. പരാതിക്കാരന്റെ കൂലിക്കാരനേക്കൊണ്ട് അന്വേഷണം നടത്തിച്ചാൽ ഏതു നിരപരാധിയേയും കുരുക്കാം. ഇത്തരമൊരു നടപടി അനുവദനീയമാണോ? ഇത് മനുഷ്യാവകാശ ലംഘനമല്ലേ?

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഇപ്പോൾ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ഞങ്ങൾ പ്രതികളായ ഈ കേസ്സ് ഉത്ഭവിച്ച കാലത്ത് സൈബർ പോലീസ് സ്റ്റേഷൻ ഉണ്ടായിരുന്നെങ്കിൽ റ്റി.എസ് ഏബ്രഹാമിന്റെ ജോലിക്കാരൻ കള്ളത്തെളിവുണ്ടാക്കി ഞങ്ങളെ കുരുക്കുന്നത് ഒഴിവാക്കാമായിരുന്നു. ഇനി പറഞ്ഞിട്ടു കാര്യമില്ല.

സൈബർ കേസ്സുകൾ അന്വേഷിക്കാൻ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള പോലീസ് വേണമെങ്കിൽ ഇത്തരം കേസ്സുകൾ വിചാരണ ചെയ്യാനും ശിക്ഷ വിധിക്കാനും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ന്യായാധിപർ വേണ്ടേ? ഈമെയിൽ എന്നാൽ എന്താണെന്നുപോലും അറിഞ്ഞുകൂടാത്ത ന്യായാധിപൻ എങ്ങനെ ഈമെയിൽ കേസ്സിൽ വിധിപറയും? ഉദാഹരണത്തിന്, ഞങ്ങളുടെ കേസ്സ് പലപ്പോഴായി നാലു ന്യായാധിപൻമാരുടെ മുൻപിൽ വിചാരണയ്ക്കു വന്നു. ആദ്യവിധി പറഞ്ഞത് നാലാമത്തെ ന്യായാധിപനാണ്. അദ്ദേഹത്തിനോ അതിനു മുൻപു കേസ്സ് കേട്ടവർക്കോ കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരുന്നില്ല. അറിവുള്ള വിഷയങ്ങളേക്കുറിച്ചു വിധിപറഞ്ഞാൽത്തന്നെ തെറ്റുകൾ സംഭവിക്കാം. അങ്ങനെയിരിക്കെ കമ്പ്യൂട്ടർ പോലെ സങ്കീർണ്ണമായ വിഷയവുമായി ബന്ധപ്പെട്ട കേസ്സിൽ കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്ത ന്യായാധിപൻ വിധി പറഞ്ഞാൽ എങ്ങനെയിരിക്കും.

ഞങ്ങളുടെ കേസ്സിൽ ഉണ്ടായ വിധിതന്നെ നല്ല ഉദാഹരണം. റ്റി.എസ്.ഏബ്രഹാമിന്റെ ഓഫീസിലെ കമ്പ്യൂട്ടറിലുള്ള ഡേറ്റ ഞങ്ങൾ മായിച്ചുകളഞ്ഞതായി സംശയാതീതമായി തെളിഞ്ഞതായും അതിന് ഞങ്ങൾക്ക് രണ്ടു വർഷംവീതം കഠിനതടവ് ശിക്ഷ നൽകുന്നതായും വിചാരണ കോടതി പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇത്തരമൊരു കുറ്റം ഞങ്ങൾ ചെയ്തിട്ടില്ലെന്നും അതുകൊണ്ട് ശിക്ഷ റദ്ദുചെയ്യുന്നെന്നും അപ്പീൽ കോടതി ഇപ്പോൾ വിധിച്ചിരിക്കയാണ്. നിയമവാഴ്ചയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി ചോദിക്കട്ടെ, ആർക്കാണ് തെറ്റുപറ്റിയത്? റ്റി.എസ്.ഏബ്രഹാമിന്റെ ഓഫീസിനു മുൻപിലുള്ള റോഡിലൂടെ ബസ്സിൽ സഞ്ചരിച്ചിട്ടുണ്ടെന്നല്ലാതെ ആ കോമ്പൗണ്ടിൽ ഞങ്ങൾ കയറുകപോലും ചെയ്തിട്ടില്ല. എന്നിട്ടും റ്റി.എസ്. ഏബ്രഹാമിന്റെ കമ്പ്യൂട്ടറിലെ ഡേറ്റ മായിച്ച കുറ്റം ചെയ്തവരും ആ കുറ്റത്തിന് രണ്ടുവർഷംവീതം തടവുശിക്ഷക്ക് വിധിക്കപ്പെട്ടവരുമായിരുന്നു ഞങ്ങൾ.

ഈ കുറ്റത്തിൽ നിന്നും അതിന്റെ ശിക്ഷയിൽ നിന്നും ഞങ്ങൾ ഇപ്പോൾ മോചിതരായിരിക്കുന്നു. പക്ഷേ വ്യാജ ഈമെയിൽ അയച്ചു എന്ന കുറ്റം ചെയ്തവരാണ് ഞങ്ങളെന്നും അതിനുള്ള ശിക്ഷ അനുഭവിക്കേണ്ടതാണെന്നുമുള്ള വിധിയിൽ മാറ്റമില്ല. എങ്ങനെയാണ് ഞങ്ങൾ കുറ്റവാളികളായത്? റ്റി.എസ്.ഏബ്രഹാം കൂലിക്കെടുത്ത ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധൻ കൃത്രിമമായി നിർമ്മിച്ചെടുത്ത ഈമെയിൽ പ്രിന്റുകളും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള കണ്ടെത്തലുകളും ആധാരമാക്കിയാണ് ഞങ്ങളെ കുറ്റവാളികളായി വിധിച്ചിട്ടുള്ളത്. പേപ്പറിൽ പ്രിന്റ് ചെയ്ത ഈമെയിൽ കോടതിയിൽ സ്വീകാര്യമായ തെളിവാകണമെങ്കിൽ എന്തൊക്കെ നിബന്ധനകൾ പാലിച്ചിരിക്കണമെന്ന് ഇന്ത്യൻ എവിഡൻസ് ആക്ടിന്റെ 65(B) വകുപ്പിൽ വ്യക്തമായി പറയുന്നുണ്ട്. ഈ നിബന്ധനപ്രകാരമുള്ള തെളിവ് ഹാജരാക്കിയിട്ടുമില്ല. പക്ഷേ ഞങ്ങൾ കുറ്റവാളികളായി. ഈമെയിൽ പ്രിന്റുകൾ കൃത്രിമമായി ഉണ്ടാക്കാൻ കഴിയുമെന്ന് കമ്പ്യൂട്ടർ പഠിച്ചിട്ടുള്ളവരോട് വിശേഷിച്ചു പറയേണ്ടതില്ല. സൈബർ കേസ്സുകൾ കൈകാര്യം ചെയ്യുന്ന ന്യായാധിപൻമാർക്ക് കമ്പ്യൂട്ടർ പരിജ്ഞാനമുണ്ടെങ്കിൽ വ്യാജ തെളിവുകൾ ആധാരമാക്കി നിരപരാധികളെ ശിക്ഷിക്കയില്ല.

സൈബർ കേസ്സുകൾ അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെ സൈബർ കേസ്സുകൾ വിചാരണ ചെയ്ത് വിധി പറയുന്ന ന്യായാധിപകർക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരിക്കണമെന്ന് സർക്കാരും കോടതിയും മനസ്സിലാക്കണം.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഷിബു പീടിയേക്കൽ എഴുതിയ കത്തുകണ്ടു. അവിശ്വസനീയമായിത്തോന്നി. എങ്ങനെ ഒരു മനുഷ്യന് ഇത്രത്തോളം വിഡ്ഢിത്തം ഒരു കത്തിൽ എഴുതാൻ കഴിയുന്നു എന്ന് മനസ്സിലാകുന്നില്ല. ഇദ്ദേഹം ഏതോ മായാലോകത്താണു താമസമെന്നു കരുതുന്നതിൽ തെറ്റില്ല.

■ ഷിബുവും ഷിബുവിനേപ്പോലുള്ളവരും മായാലോകത്താണ് താമസം. അതുകൊണ്ട് യുക്തിയുക്തമായി ചിന്തിക്കാൻ അവർക്ക് കഴിയുന്നില്ല.

ഉദാഹരണത്തിന് ഷിബു കെ.എ.ഏബ്രഹാമിന്റെ അളിയനായ മത്തായിക്കുട്ടിയെ വാനോളം പുകഴ്ത്തുന്നു. അയാൾ കൃപാവരമുള്ളവനാണെന്ന് ആരൊക്കെയോ പറഞ്ഞു എന്നതാണ് ന്യായം. പക്ഷേ മത്തായിക്കുട്ടിയുടെ വിക്രിയകൾ അനുഭവിച്ചവരുടെ എഴുത്തുകൾ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. അത് ശരിയാണോ എന്ന് നേരിട്ടന്വേഷിക്കാൻ താല്പര്യമുണ്ടെങ്കിൽ അതിനുള്ള വിവരങ്ങൾ നൽകാൻ ഞങ്ങൾ തയ്യാറുമാണ്. പക്ഷേ ഇതിനൊന്നും തയ്യാറാകാതെ ഷിബു മത്തായിക്കുട്ടിയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നു.

കെ.എ.ഏബ്രഹാം പെന്തക്കോസ്തു സമൂഹത്തിനു ലഭിച്ച വരപ്രസാദമാണെന്ന് ഷിബു പറയുന്നു. കെ.എ.ഏബ്രഹാമെന്ന പമ്പര വിഡ്ഢിയെ പെന്തക്കോസ്ത് സമൂഹത്തിനു വരപ്രസാദമായി നൽകിയ ദൈവം ഏതായാലും ജീവനുള്ള ദൈവമല്ലെന്നു വ്യക്തം. ''എന്താണ് രാജ്യദ്രോഹം. ഏത് രാജ്യം. ഏത് കാലഘട്ടത്തിലെ ഇൻഡ്യയെക്കുറിച്ചാണ് താങ്കൾ പറയുന്നത് '' എന്നൊക്കെ ഷിബു ചോദിക്കുന്നു. സ്വതന്ത്ര ഇന്ത്യയുടെ ദേശീയ പതാകയാണ് ത്രിവർണ്ണ പതാകയെന്നുപോലും ഷിബു എന്ന വിവരദോഷിക്കറിഞ്ഞുകൂടാ. പെണ്ണുംപിള്ള ഇംഗ്ലണ്ടിൽ പോയപ്പോൾ വാലുപോലെ ഷിബുവും പോയി. അവർ അമേരിക്കയ്ക്ക് പോയപ്പോൾ വാലും അമേരിക്കയിലെത്തി. ഇങ്ങനെ ഭർത്താവുദ്യോഗവുമായി നടക്കുന്ന ഷിബുവിന് എന്താണ് രാജ്യദ്രോഹം, ഏത് രാജ്യം എന്നൊക്കെ ചോദിക്കാൻ തോന്നിയതിൽ അത്ഭുതമില്ല. ഏതപ്പൻ, ഏതമ്മ എന്നൊക്കെ ഇവനേപ്പോലുള്ളവർ ചോദിക്കും. അഴകുള്ളവനെ കണ്ടപ്പോൾ അപ്പനെന്നു വിളിച്ച ആദ്യത്തെ ആളല്ല ഷിബു. അവസാനത്തേതാകുകയുമില്ല.

ടി.ജെ.ശമുവേൽ മലയാണത്രേ. എ.ജി എന്നത് ഒരു മഹാസമുദ്രമാണെന്ന് കുറേക്കാലം മുൻപ് കൊട്ടാരക്കരക്കാരനായ ഒരു വിഡ്ഢി എഴുതിയിരുന്നു. കുറെ പ്രാദേശിക സഭകളുടെ നേതാവായാൽ മലയാകുമോ? 2020ന്റെ അവസാനത്തെ പത്തുമിനിട്ടുകൊണ്ട് ദൈവം ഇന്ത്യയിലുള്ള ഭൂരിപക്ഷം ജനങ്ങളെ വിശ്വാസികളാക്കിക്കളയുമത്രേ. ദൈവവചനത്തിന്റെ ആദ്യാക്ഷരങ്ങളെങ്കിലും അറിയാവുന്നവർ ഇങ്ങനെയൊന്നും പറയുകയില്ല. ദൈവത്തിന്റെ മകനാക്കാനുള്ള അധികാരം ഇപ്പോൾ ദൈവത്തിന്റെ കൈവശമില്ല. അതുകൊണ്ട് ദൈവത്തിന് ആരേയും ദൈവത്തിന്റെ മകനാക്കാൻ പറ്റില്ല. ആരെങ്കിലും ദൈവമകനാകുന്നത് തടയാനും ദൈവത്തിന് കഴിയുന്നതല്ല. യേശുവിനെ കൈക്കൊണ്ട് യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏതു മനുഷ്യനും ദൈവത്തിന്റെ മകനാകാം. (യോഹ. 1:12). അതുകൊണ്ട് ഇന്ത്യയിലെ ജനങ്ങളെയെന്നല്ല ഒരു മനുഷ്യനേയും ദൈവം ബലമായി പിടിച്ച് ദൈവമകനാക്കുകയില്ല. സുവിശേഷം കേട്ട് ഓരോ വ്യക്തിയും സ്വയം തീരുമാനിക്കണം.

''ആ സമയത്ത് മരിച്ചവർ പോലും ഉയിർത്തെഴുന്നേൽക്കുന്ന വിധത്തിലുള്ള ഒരു അഭിഷേകം അവിടെ വ്യാപരിച്ചിരിക്കണം'' എന്ന് ടിനുവിനെ ന്യായീകരിച്ച് ഷിബു പറയുന്നു. അഭിഷേകം എങ്ങനെയാണപ്പാ വ്യാപരിക്കുക? വ്യാപരിക്കും എന്നിരിക്കട്ടെ. അവിടെ ശവമൊന്നും സ്റ്റോക്കില്ല എന്ന് അറിഞ്ഞിരുന്നിട്ടും മരിച്ചവരെ ഉയിർപ്പിക്കാനുള്ള അഭിഷേകം വെറുതെ വ്യാപരിപ്പിച്ച ആ ദൈവം ഒന്നാംതരം വിഡ്ഢിയാണെന്നതിന് സംശയമില്ല. എന്താണു പറയുന്നതെന്ന് അറിയാതെ വിവരക്കേട് എഴുന്നെള്ളിക്കയാണ് ഷിബു.

ഇന്നു ലഭ്യമല്ലാത്ത ഇംഗ്ലീഷ് പുസ്തകങ്ങൾ സ്ക്കാൻ ചെയ്ത് സി.ഡിയിൽ ആക്കി റ്റി.എസ്.ബാലൻ വിൽക്കുന്നത് ''യൂറോപ്പിലും അമേരിക്കയിലുമായി മൂന്നുനാലു നൂറ്റാണ്ടുകൾ സായിപ്പൻമാർ ഛർദ്ദിച്ചതും വിസർജ്ജിച്ചതുമെല്ലാം കോരിയെടുത്ത് സി.ഡി ആക്കി''യതാണത്രേ. പത്തുലക്ഷത്തോളം രൂപ വിലവരുന്ന പ്രാചീന പുസ്തകങ്ങൾ ഈ സാരമേയത്തിന് ഛർദ്ദിയും വിസർജ്ജ്യവുമായി തോന്നുന്നു. ഇവന്റെ അപ്പൻ മനുഷ്യനോ ശുനകനോ എന്നത് ഗവേഷണം ചെയ്തു കണ്ടെത്തേണ്ട വിഷയമാണ്.

തീർന്നില്ല, എങ്കിലും സ്ഥലപരിമിതിമൂലം നിത്തുകയാണ്. ഇവനേപ്പോലുള്ള സാധനങ്ങൾ സുവിശേഷപ്രസംഗകരുടെ വേഷത്തിൽ വിളയാടുന്നിടത്തോളം കാലം കേരളത്തിലെ പെന്തക്കോസ്തുകാർ ദൈവവചത്തിന്റെ മഹത്വം മനസ്സിലാക്കില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# കെ.എൻ.റസ്സലിന്റെ നിലപാട് അത്യന്തം അപകടകരം

സുവിശേഷകർ വ്യഭിചരിക്കയും മോഷ്ടിക്കയും ചെയ്യുന്നത് തികച്ചും സ്വകാര്യമായ കാര്യമാണോ? ഇത്തരം സ്വകാര്യ വിഷയങ്ങൾക്കെതിരെ പ്രതികരിക്കുന്നത് തെറ്റാണോ? ആണെന്ന് ക്രൈസ്തവ ചിന്തയുടെ പത്രാധിപരായ കെ.എൻ.റസ്സൽ സ്വന്തം പത്രത്തിന്റെ ജനുവരി ലക്കത്തിൽ പറയുന്നു. പ്രസക്ത ഭാഗങ്ങൾ ഇതാ:

''ഒരു കാര്യം ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നു. സുവിശേഷകൻമാരുടെ സദാചാര ജീവിതത്തിലെ അപാകതകളെ ചോദ്യം ചെയ്തുകൊണ്ടുള്ള കത്തുകൾ ലഭിക്കാറുണ്ട്. ഒരു പ്രസംഗകന്റേയും സ്വകാര്യ ജീവിതത്തിലേക്കു കടന്നുകയറാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ലൈംഗികകഥകളും പണാപഹരണ കഥകളുമൊക്കെ ഈ വരുന്ന കത്തുകളിൽ ഉണ്ടാകും. എന്നാൽ ബൈബിൾ വിരുദ്ധ നിലപാടുകളിലേക്കും പുത്തൻ വ്യാഖ്യാനങ്ങളിലേക്കും സുവിശേഷകർ കടക്കുമ്പോൾ അത് കണ്ടില്ലെന്നു നടിക്കാനാവില്ല''.

സുവിശേഷകർ വ്യഭിചരിക്കയും മോഷ്ടിക്കയും ചെയ്യുന്നത് സ്വകാര്യവിഷയമാണ്. അത്തരം കാര്യങ്ങൾ കണ്ടില്ലെന്നു നടിക്കാം. പക്ഷേ ദുരുപദേശം പറഞ്ഞാൽ എതിർക്കും. ഇതാണ് റസ്സൽ പറയുന്നത്. സംഗതി ഒന്നാംതരമായിരിക്കുന്നു. റ്റി.എസ്.ഏബ്രഹാം കുളത്തൂപ്പുഴക്കാരിയെ ഗർഭിണിയാക്കിയതും കെ.സി.ജോൺ അമ്മായിയമ്മയെ വ്യഭിചരിച്ചതും മറ്റും തികച്ചും സ്വകാര്യമായ വിഷയമാണെന്നും അതുകൊണ്ടാണ് ഇത്തരം വിഷയങ്ങളേക്കുറിച്ച് എഴുതാത്തതെന്നും അച്ചൻകുഞ്ഞ് ഇലന്തൂർ പലപ്പോഴും പറഞ്ഞിട്ടുണ്ട്. പക്ഷേ ഒരിക്കൽ പോലും ഇങ്ങനെ എഴുതിയിട്ടില്ല. പക്ഷേ റസ്സൽ ഇപ്പോൾ അച്ചൻകുഞ്ഞിനെ കടത്തി വെട്ടിയിരിക്കുന്നു.

വ്യഭിചാരവും മോഷണവും സ്വകാര്യ വിഷയമാണെന്ന് ബൈബിളിൽ പറയുന്നുണ്ടോ? ദാവീദ് മറ്റൊരുത്തന്റെ ഭാര്യയെ തട്ടിയെടുത്തത് സ്വകാര്യവിഷയമാണെങ്കിൽ അതിൽ ഇടപെട്ട പ്രവാചകൻ തെറ്റുചെയ്തു എന്നു വ്യക്തം. സഹോദരന്റെ ഭാര്യയെ തട്ടിയെടുത്ത ഹെരോദാവിനെതിരെ പ്രതികരിച്ച് രക്തസാക്ഷിയായ യോഹന്നാൻ സ്നാപകൻ ഒന്നാംതരം വിഡ്ഢി. അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്നവനെതിരെ ശക്തമായ ഭാഷയിൽ പ്രതികരിച്ച പൗലോസ് അവന്റെ സ്വകാര്യതയിലേക്കു കടന്നു കയറുകയായിരുന്നു. കൊള്ളാം റസ്സലേ ഈ വളയമില്ലാത്ത ചാട്ടം. പക്ഷേ ഇത് ക്രൈസ്തവചിന്തയല്ലെന്ന് പറയാതെവയ്യ. പത്രത്തിന്റെ പേര് സാത്താന്യചിന്ത എന്നാക്കുക.

എന്നുമുതലാണ് റസ്സൽ ഇത്തരം ഒരു നിലപാടു സ്വീകരിക്കാൻ തുടങ്ങിയത്? റ്റി.എസ്.ബാലനെന്ന ഈയുള്ളവൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ തൊട്ടടുത്ത ആറാംക്ലാസ്സിൽ റസ്സൽ ഉണ്ടായിരുന്നു. പിന്നീട് ഞാൻ പട്ടണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന കാലത്തും റസ്സലുമായി നല്ലബന്ധത്തിലായിരുന്നു. പക്ഷേ പി.സി.ഐയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങിയതോടെ റസ്സലിന്റെ സ്വഭാവത്തിൽ മാറ്റം വന്നു. നേതാക്കൻമാരുമായുള്ള ബന്ധമാണ് റസ്സലിനെ ഈ നിലയിലാക്കിയത്. വ്യഭിചാരികളും മോഷ്ടാക്കളുമായ പെന്തക്കോസ്ത് നേതാക്കൻമാരുമായി നിരന്തരം ഇടപെടാൻ തുടങ്ങിയതോടെ റസ്സൽ അശുദ്ധിയുടെ ആത്മാവിന്റെ പിടിയിലായി. അതുകൊണ്ടാണ് വ്യഭിചാരവും മോഷണവും സ്വകാര്യ വിഷയമായത്.

വ്യഭിചാരം, മോഷണം തുടങ്ങിയവയേക്കുറിച്ച് ലഭിക്കുന്ന കത്തുകളെല്ലാം മുഖവിലയ്ക്കെടുക്കണമെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. പക്ഷേ വ്യഭിചാരവും മോഷണവും സ്വകാര്യവിഷയമാണെന്നും ആ കാരണത്താൽ അതിൽ ഇടപെടുകയില്ലെന്നും റസ്സൽ പറയുമ്പോൾ പ്രതികരിക്കാതിരിക്കാൻ വയ്യ. യഹോവയ്ക്കുവേണ്ടി വാളേന്തുമ്പോൾ എനിക്ക് വ്യക്തിബന്ധങ്ങൾ മറക്കേണ്ടതായിവരുന്നു.



# കഥയ്ക്കു മോറാലിറ്റി

കഥയ്ക്കു മോറാലിറ്റി യുണ്ടോ? ഉണ്ടെന്നാണ് അവറാച്ചൻ പറയുന്നത്. അവറാൻ പറയുന്നത് സമ്മതിക്കാതെ തരമില്ല. ചവറിലെ പ്രസംഗത്തിലാണ് ഇയാൾ ഇങ്ങനെ പറഞ്ഞത്. ഒരു കഥയുമില്ലാത്ത ഒരു കഥ പറഞ്ഞിട്ട് അവറാൻ ചോദിക്കുന്നു: ഇതിന്റെ മോറാലിറ്റിയെന്താണ്? എന്തു മറുപടി പറയും? വിവരക്കേടാണ് താൻ ഈ പറയുന്നതെന്നു പറഞ്ഞാൽ അവറാൻ ചൂടാകും, ശപിക്കും, മഹാ പാപിയെന്നു വിളിക്കും. അതു കൊണ്ട് മിണ്ടാതിരിക്കാം.

# ബഥേൽ പി. ജേക്കബ് ദുർന്നടപ്പുകാരൻ തന്നെ

പരമവിശുദ്ധനായ ബഥേൽ ബി. ജേക്കബ് ഒന്നാംതരം ദുർന്നടപ്പുകാരനും തട്ടിപ്പുകാരനും ആണെന്നതിന് കൂടുതൽ തെളിവുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞലക്കം ഡിഫെൻഡറിൽ വന്ന വാർത്ത വായിച്ച പലരും ബഥേലിനേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയിക്കയായിരുന്നു.

വ്യഭിചാരത്തിന്റെ കാര്യത്തിൽ റ്റി.എസ്.ഏബ്രഹാമിനെ വെല്ലുന്ന വിദ്വാനാണ് ബഥേൽ എന്നാണ് ഇതുവരെ ലഭിച്ച തെളിവുകളിൽ നിന്നു വ്യക്തമാകുന്നത്. കൂടാതെ, സാമ്പത്തിക തിരിമറികൾ, വിവിധതരം തട്ടിപ്പുകൾ തുടങ്ങിയവയുമുണ്ട്. ജോലിതേടി അമേരിക്കയിലെത്തിയ നേഴ്സുമാരെ എല്ലാവിധത്തിലും ചൂഷണം ചെയ്യുന്നത് സ്ഥിരം പരിപാടിയാക്കിയവനാണ് ബഥേൽ പി. ജേക്കബ്. റ്റി.എസ്. ഏബ്രഹാമിനേപ്പോലെ ഇയാൾക്കും മസിൽകയറ്റത്തിന്റെ പ്രശ്നമുണ്ട്. ബൈബിൾ സ്കൂളിലെ പെൺകുട്ടികൾ തിരുമ്മിയാലേ ഇയാളുടെ മസിൽപ്രശ്നം തീരുകയുള്ളു. ഈ വിശുദ്ധനേക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ തുടർന്നുള്ള ലക്കങ്ങളിൽ പ്രതീക്ഷിക്കുക.

# ശമര്യാക്കാരിയും ഭർത്താക്കൻമാരും പിന്നെ അവറാച്ചനും

ശമര്യാക്കാരിക്ക് അഞ്ചു ഭർത്താക്കൻമാരുണ്ടായിരുന്നെന്നും ഭർത്താവല്ലാത്ത ഒരുവനോടൊപ്പമാണ് അവൾ കഴിയുന്നതെന്നും കർത്താവായ യേശുക്രിസ്തു പറഞ്ഞു. കർത്താവു പറഞ്ഞതൊക്കെ ശരിയാണെന്ന് ശമര്യാക്കാരത്തി സമ്മതിക്കയും ചെയ്തു. പക്ഷേ അവറാച്ചൻ അതു സമ്മതിക്കാൻ തയ്യാറല്ല. അവൾക്ക് അഞ്ചു ഭർത്താക്കൻമാരുണ്ടായിരുന്നു എന്നു പറഞ്ഞത് ശമര്യാക്കാർ അഞ്ചു ദൈവങ്ങളെ ആരാധിച്ചിരുന്നു എന്ന അർത്ഥത്തിലാണത്രേ.

അഞ്ചു ഭർത്താക്കൻമാർ എന്നത് അഞ്ചു ദൈവങ്ങൾ എന്നാണെങ്കിൽ ആറാമത്തവൻ ആരാണ്? യഥാർത്ഥത്തിൽ ഇങ്ങനെയൊന്നും ചെയ്യാത്ത ഒരു സ്ത്രീയോട് കർത്താവ് ഇങ്ങനെ പറയുമോ? കർത്താവു പറഞ്ഞത് ആത്മീക അർത്ഥത്തിലാണെന്ന് ആ സ്ത്രീ മനസ്സിലാക്കിയോ? (ജീവജലത്തേക്കുറിച്ചു പറഞ്ഞതുപോലും അവൾക്കു മനസ്സിലായില്ലല്ലോ). അതൊന്നും വരപ്രസാദക്കാരന് പ്രശ്നമല്ല. മൈക്ക് കൈയ്യിൽ കിട്ടിയാൽ എന്തു വിവരക്കേടും പറയാം.

യഥാർത്ഥത്തിൽ എന്താണ് നടന്നത്? അത് ബൈബിൾ പറയുന്നുണ്ട്: ''ഞാൻ ചെയ്തത് ഒക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു.'' ഇതിന്റെ അർത്ഥമെന്താണ്? യേശു തന്നോടു പറഞ്ഞതൊക്കെ താൻ ചെയ്ത കാര്യങ്ങളാണെന്ന് സ്ത്രീ സമ്മതിക്കുന്നു. പക്ഷേ മഹാപണ്ഡിതനായ അവറാച്ചന് സ്ത്രീയുടെ വാക്കു വിശ്വാസ്യമായി തോന്നുന്നില്ല.

പ്രകൃതിവിരുദ്ധനായ മത്തായിക്കുട്ടിയുടെ അളിയനായ കെ.എ.ഏബ്രഹാമിന് പാപത്തെ പാപമായി കാണാൻ കഴിയാത്തതിൽ അത്ഭുതമില്ല. ശമര്യാക്കാരിയുടെ ഭർത്താക്കൻമാരെ ദേവൻമാരാക്കിയതുപോലെ മത്തായിക്കുട്ടിയുടെ കലാപരിപാടി ആത്മീയമായി വ്യാഖ്യാനിക്കാവുന്നതാണ്. മത്തായിക്കുട്ടി പ്രകൃതിയെ സ്നേഹിക്കുന്നെന്നും അത് സ്രഷ്ടാവിനോടുള്ള സ്നേഹമാണെന്നും പറഞ്ഞാൽമതി.

# എല്ലാം കിട്ടും

കർത്താവിനെ പിൻപറ്റിയാൽ സകലതും കിട്ടുമത്രേ. ഇതും അവറാച്ചന്റെ കണ്ടുപിടുത്തമാണ്. മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക, അതോടുകൂടി സകലതും ലഭിക്കും എന്ന് ദൈവവചനം പറയുന്നുണ്ടത്രേ. ഇങ്ങനെയൊരു വാക്യം ബൈബിളിൽ ഉള്ളതായി അറിവില്ല. എങ്കിലും അങ്ങനെ ഉണ്ടെന്നാണ് വരപ്രസാദത്തിന്റെ വ്യാഖ്യാനം. സകലതും എന്നു പറഞ്ഞാൽ എല്ലാം എന്നാണ് അർത്ഥമെന്ന് എടുത്തു പറയുന്നുമുണ്ട്. പണവും പ്രശസ്തിയും ഒക്കെ ഇതിൽ ഉൾപ്പെടും. പെണ്ണും കള്ളും മറ്റും ഈ സകലതും എന്നതിൽ ഉൾപ്പെടുമോ എന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

# പഴഞ്ചൊല്ല് പുതുക്കി

പഴയ കെട്ടിടങ്ങളും മറ്റും മോഡിഫൈ ചെയ്യുന്നത് നല്ലതാണല്ലോ. അതുപോലെ കെ.എ. ഏബ്രഹാം ഒരു ഇംഗ്ലീഷ് പഴഞ്ചൊല്ല് ഈയിടെ പരിഷ്ക്കരിച്ചു. സമയത്തിന്റെ വിലയേക്കുറിച്ചു വാചാലനാകുന്നതിനിടയിലാണ് അവറാച്ചൻ പഴഞ്ചൊല്ലു പറഞ്ഞത്: Time and tide is not waiting for any person. സംഗതി കലക്കി എന്നല്ലാതെ എന്തു പറയാൻ. പിന്നേം ചങ്കരൻ തെങ്ങേൽ എന്നത് ''ശങ്കരൻ വീണ്ടും തെങ്ങിന്റെ മുകളിൽ കയറി എന്നു പറയാതിരിക്കാൻ ന്യായം കാണുന്നില്ലെന്നില്ലെന്നില്ല'' എന്നാക്കിയാൽ എങ്ങനെയിരിക്കും. ഇംഗ്ലീഷിനോട് അവറാച്ചന് എന്താണാവോ ഇത്ര വിരോധം?

# അവറാച്ചനെ യൂട്യൂബ് വിടുന്നില്ല

വിട്ടാലും വിടാത്ത കമ്പിളിക്കെട്ടെന്നു പറഞ്ഞതുപോലെ യൂട്യൂബ് അവറാച്ചനെ വിടാതെ പിടിച്ചിരിക്കയാണ്. ദേശീയ പതാകയ്ക്ക് അവറാച്ചൻ നൽകിയ വ്യാഖ്യാനം വിവാദമായതോടെ യൂട്യൂബിൽ നിന്നും മേല്പടി വീഡിയോ കാണാതായി. അതോടെ പ്രശ്നം തീർന്നെന്നാണ് കരുതിയിരുന്നത്. പക്ഷേ കമ്പിളിക്കെട്ട് പിടിവിട്ടിട്ടില്ല. ഇപ്പോൾ ഒന്നല്ല മൂന്നു ലിങ്കുകളിൽ ഈ വീഡിയോ ലഭ്യമാണ്. നൂറുകണക്കിനാളുകൾ ഈ പ്രസംഗം കാണുകയും ചെയ്യുന്നു. ഈ വീഡിയോ ഇപ്പോൾ കാണാൻ കഴിയുന്ന ലിങ്കുകൾ ഇവയാണ്:

http://www.youtube.com/watch?v=lpVQedvO5sM
http://www.youtube.com/watch?v=gs5Lvc_eDTA
http://www.youtube.com/watch?v=zmPAydMc5hA



# രോഗശാന്തി തട്ടിപ്പിന്റെ നേർക്കാഴ്ച യൂട്യൂബിൽ

ഏതാനും മാസം മുൻപ് എറണാകുളത്തു നടന്ന ഒരു രോഗശാന്തി ശുശ്രൂഷയിലെ ഒരു രംഗമാണ് ഇതോടൊപ്പമുള്ള ചിത്രത്തിൽ കാണുന്നത്. ആ സ്ത്രീയുടെ ഇടതുകൈ ശ്രദ്ധിക്കുക. അതിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ? ഇല്ലെന്നു വ്യക്തം. പക്ഷേ ഈ സ്ത്രീയുടെ ഇടതുകൈക്ക് വലതുകൈയേക്കാൾ നീളം കുറവാണെന്നു പ്രഖ്യാപിക്കയും അതിനുശേഷം കൈ വലിച്ചുനീട്ടി സൗഖ്യമാക്കുകയും ചെയ്തു. ഡാമിയന്റെ നേതൃത്വത്തിൽ റാം ബാബു എന്ന കള്ളനാണ് ഈ ചെപ്പടിവിദ്യ കാണിച്ചത്. ഡിഫെൻഡർ കള്ളം പറയുകയാണെന്നു സംശയമുള്ളവർക്ക് സംഭവം നേരിൽ കാണാം: http://www.youtube.com/watch?v=Jg-Z9_RIqCA



ഈ സ്ത്രീയുടെ ഇടതുകൈക്ക് നീളക്കുറവുണ്ടോ?

ഏതാനും ദിവസം മുൻപ് ഒരു സഹോദരൻ യൂട്യൂബിലുള്ള ഈ വീഡിയോയുടെ ലിങ്ക് ഡിഫെൻഡർ ഓഫീസിലേക്ക് അയച്ചുതന്നു. എറണാകുളത്തുള്ള യോന മനോജ് എന്നൊരു വിഡ്ഢിയാണ് ഈ വീഡിയോ യൂട്യൂബിൽ അപ്‌ലോഡ് ചെയ്തിരുന്നത്. ദൈവം പ്രവർത്തിച്ച അത്ഭുതം എന്ന നിലയ്ക്കാണ് ഈ ചങ്ങാതി വീഡിയോ അപ്‌ലോഡ് ചെയ്തത്. അതുകൊണ്ട് ഈ വീഡിയോ ശുദ്ധ തട്ടിപ്പാണെന്നു വ്യക്തമാക്കി ഞങ്ങൾ അയാൾക്ക് കത്തയച്ചു. സ്വാഭാവികമായും ഈ കത്ത് വീഡിയോയുടെ സൈറ്റിൽ വരേണ്ടതാണ്. പക്ഷേ വന്നില്ല. അതുകൊണ്ട് വീണ്ടും ഒരു കത്തുകൂടി അയച്ചു. അതും സൈറ്റിൽ വന്നില്ല. പക്ഷേ ഈ വീഡിയോയെ പുകഴ്ത്തിക്കൊണ്ട് ആരൊക്കെയോ അയച്ച കത്തുകൾ സൈറ്റിൽ പ്രസിദ്ധീകരിക്കയും ചെയ്തു. അനുകൂലമായ അഭിപ്രായങ്ങൾ മാത്രം പ്രസിദ്ധീകരിച്ച് പൊതുജനങ്ങളെ വഴിതെറ്റിക്കയാണ് ഇയാളുടെ ലക്ഷ്യമെന്ന് വ്യക്തമായതോടെ ഞങ്ങൾ ഈ വീഡിയോ ഡൗൺലോഡ് ചെയ്ത് മറ്റൊരു സൈറ്റിൽ അപ്‌ലോഡ് ചെയ്തു. അതിന്റെ ലിങ്കാണ് മുകളിൽ പറഞ്ഞത്.

2007 ഒക്ടോബർ 6ന് എറണാകുളത്തു നടന്ന ഒരു മീറ്റിംഗിലാണ് റാംബാബു ഈ അത്ഭുതം നടത്തിയത്. തന്റെ വലതുകൈ പകുതിമാത്രമേ ഉയർത്താൻ കഴിയുമായിരുന്നുള്ളൂ എന്നും പ്രാർത്ഥനയ്ക്കുശേഷം മുഴുവൻ ഉയർത്താൻ കഴിയുന്നുണ്ടെന്നും ഒരു സ്ത്രീ സ്റ്റേജിലെത്തി പ്രഖ്യാപിച്ചു. പക്ഷേ അതുകൊണ്ട് റാംബാബുവിന് തൃപ്തിയായില്ല. അത്ഭുതത്തിന് ശക്തിപോരാ. അതുകൊണ്ട് അല്പം വീര്യമുള്ള അത്ഭുതം നടത്താൻ തീരുമാനിച്ചു.

ഈ സ്ത്രീയുടെ ഇടതുകൈക്ക് നീളക്കുറവാണെന്ന് റാംബാബു വെറുതെയങ്ങ് പ്രഖ്യാപിച്ചു. പക്ഷേ ആസ്ത്രീയുടെ കൈക്ക് നീളക്കുറവുണ്ടായിരുന്നില്ല. ചിത്രം നോക്കുക. സംശയം തീരാത്തവർ വീഡിയോ കാണുകയും ചെയ്യുക. ഏതായാലും ആ സ്ത്രീയോട് രണ്ടു കൈകളും ഉയർത്താൻ റാംബാബു പറഞ്ഞു. അവർ കൈകളുയർത്തി. രണ്ടു കൈക്കും ഒരേ നീളം. പക്ഷേ റാംബാബു ഉടൻ ഇടപെട്ടു. അയാൾ രണ്ടു കൈകളിലും പിടിച്ചു. എന്നിട്ട് ഇടതുകൈ അല്പം താഴ്ത്തി പിടിപ്പിച്ചു. അതോടെ ആ സ്ത്രീയുടെ ഇടതു കൈമുട്ട് അല്പം വളയുകയും ഇടതു തോൾ അല്പം പിന്നിലേക്ക് വലിയുകയും ചെയ്തു. ഇപ്പോൾ ഇടതുകൈക്ക് വലതുകൈയ്യേക്കാൾ മൂന്നോ നാലോ ഇഞ്ച് നീളക്കുറവുണ്ട്. എല്ലാവരും കാണത്തക്കവിധം കൈ പിടിച്ചു. സംഗതി ശരിതന്നെ. ഇടതുകൈക്ക് നീളക്കുറവുണ്ട്.

ഇനി എല്ലാവരും കണ്ണുതുറന്ന് നോക്കിക്കൊണ്ടിരിക്കണം എന്നു പറഞ്ഞിട്ട് റാംബാബു ആ സ്ത്രീയുടെ ഇടതുകൈയിൽ പിടിച്ച് മുകളിലേക്കു വലിച്ചു. അപ്പോൾ ഇടതുകൈമുട്ട് നിവരുകയും തോൾഭാഗം പഴയപടി നേരെ ആകുകയും ചെയ്തു. അങ്ങനെ കൈക്ക് നീളം കൂടി. ഹാലേലൂയ്യാ, സ്തോത്രം, അമേൻ. എന്തതിശയമേ.....

(ഹാ, പമ്പര വിഡ്ഢികളായ പെന്തക്കോസ്തുകാരേ, നിങ്ങൾ വിശ്വാസികളല്ല വിവരദോഷികളാണ്. അതുകൊണ്ടല്ലേ ഇതൊക്കെ കണ്ട് ഹാലേലൂയ്യാ പറയുന്നത്?)

റാം ബാബുവിനേക്കുറിച്ച് കൂടുതലൊന്നും ഡിഫെൻഡറിനറിഞ്ഞുകൂടാ. കൂടുതൽ അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നിയിരുന്നുമില്ല. പക്ഷേ ഈ തട്ടിപ്പു കണ്ടതിനുശേഷം ഇയാളേക്കുറിച്ച് കൂടുതൽ അന്വേഷിക്കാൻ തീരുമാനിക്കുകയാണ്. വായനക്കാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു. ഇയാളേപ്പറ്റി നിങ്ങൾക്കറിയാവുന്നത് ദയവായി അറിയിക്കുക.

എം.എ.വർഗീസാണ് ഇത്തരം തട്ടിപ്പിന് കേരളത്തിൽ തുടക്കം കുറിച്ചത്. കാലിന് നീളം കൂട്ടലായിരുന്നു എം.എ.വർഗീസിന്റെ കലാപരിപാടി. നീളം കൂട്ടാനുള്ള ആളെ കണ്ടെത്തുകയാണ് ആദ്യപടി. അയാളുടെ രണ്ടു കാലും ടേപ്പുകൊണ്ട് അളക്കും. കാലിന്റെ എവിടംമുതൽ എവിടംവരെയാണ് അളക്കുക എന്ന് പറയാനാവില്ല. എങ്ങനെ അളന്നാലും ഒരു കാലിന് ഏതാനും മില്ലീമീറ്റർ നീളക്കുറവുണ്ടെന്ന് കണ്ടുപിടിക്കും. അതുകഴിഞ്ഞ് യേശുവിന്റെ നാമത്തിൽ വലിയെടാ വലി. വലിച്ചു നീട്ടൽ കഴിഞ്ഞ് വീണ്ടും അളക്കും. ഇപ്പോൾ നീളം തുല്യം. ഹാലേലൂയ്യാ, പ്രെയ്സ് ദ ലോഡ്.

ഇതിന്റെ മറ്റൊരു പതിപ്പാണ് ഇപ്പോൾ റാംബാബു അവതരിപ്പിക്കുന്നത്. കാലിനു പകരം കൈയ്ക്കാണ് നീളം കൂട്ടുന്നത്. ഈ വിദ്യ മറ്റു കള്ളൻമാർക്കും അനുകരിക്കാവുന്നതാണ്. കൈകൾ ഉയർത്തി ചേർത്തു പിടിക്കുമ്പോൾ ശ്രദ്ധിക്കണം. പ്രാർത്ഥനയ്ക്കായെത്തിയ വ്യക്തി സ്വയം കൈകൾ ചേർത്തു പിടിക്കാൻ അനുവദിക്കരുത്. കാരണം, അവർ സ്വയം കൈകൾ ചേർത്തു പിടിച്ചാൽ നീളവ്യത്യാസം കാണുകയില്ല. അതുകൊണ്ട് കൈകൾ ചേർത്തു പിടിക്കാൻ സഹായിക്കണം. അത് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് വീഡിയോ കണ്ട് മനസ്സിലാക്കുക. ഒരു കൈക്ക് നീളക്കുറവുണ്ടെന്ന് ജനങ്ങളെ കാണിച്ചശേഷം നീളക്കുറവുള്ള കൈയ്യിൽ പിടിച്ച് വലിച്ചു നീട്ടുക. കൈകളിൽ തൊടാതെനിന്ന് പ്രാർത്ഥിക്കരുത്. അങ്ങനെ പ്രാർത്ഥിച്ചാൽ കൈ നീളുകയില്ല. പ്രാർത്ഥിക്കുന്നതോടൊപ്പം കൈ പിടിച്ച് വലിക്കണം. പ്രാർത്ഥിക്കാതെ വലിച്ചാലും മതി. ഏതു വിധത്തിലായാലും രണ്ടു കൈകളും ഒന്നുപോലെയാകുന്നതുവരെ വലിക്കണം. അത്ഭുതം നടക്കും. ജനം ഹാലേലൂയ്യാ പറയും.

നീളക്കുറവുള്ള കൈക്ക് നീളം കൂട്ടാൻ ദൈവത്തിന് കഴിയുകയില്ലേ എന്ന് ചോദിച്ചേക്കാം. തീർച്ചയായും കഴിയും. അതിനു കഴിവില്ലാത്ത ദൈവം ദൈവമല്ല. പക്ഷേ ഇല്ലാത്ത നീളക്കുറവ് ഉണ്ടെന്നു വരുത്തിത്തീർത്ത് അത്ഭുതം പ്രവർത്തിക്കേണ്ട ഗതികേട് ദൈവത്തിനില്ല.

റാംബാബു നടത്തിയത് അത്ഭുതമായിരിക്കാൻ സാദ്ധ്യതയില്ലേ? ഒരു വാദത്തിനുവേണ്ടി ആ സാദ്ധ്യതയും തള്ളിക്കളയേണ്ടതില്ല. അല്പം ഗവേഷണം നടത്താവുന്നതാണ്. ഈ വീഡിയോ യൂട്യൂബിൽ അപ്‌ലോഡ് ചെയ്ത വിദ്വാനോട് ഞങ്ങൾ കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു. ഡാമിയൻ നടത്തിയ മീറ്റിംഗിൽ നടന്ന കാര്യമാണെന്നും ഈ യോഗത്തിന്റെ വീഡിയോയിൽ നിന്നും എടുത്തതാണ് ആ ഭാഗമെന്നും മാത്രമേ അയാൾക്കറിയൂ. ആ സ്ത്രീയുടെ പേരോ വിലാസമോ അറിഞ്ഞുകൂടാ. കൂടുതൽ വിവരങ്ങൾ ചോദിച്ചപ്പോൾ ആ മനുഷ്യൻ ചൂടായി. റാംബാബു ദൈവദാസനാണെന്നും അങ്ങേരെ സംശയിച്ചാൽ പരിശുദ്ധാത്മാവ് കോപിക്കുമെന്നുമൊക്കെ പുലമ്പാൻ തുടങ്ങി. ഇത്തരം വിവരദോഷികളോടു ചോദിച്ചിട്ട് ഫലമില്ല. അതുകൊണ്ട് അന്വേഷണം അവിടെ നിർത്തി.

ഇനി ഒരു പരസ്യാന്വേഷണമാകാം. ഈ സ്ത്രീയുടെ പേരും വിലാസവും മറ്റും ഡാമിയൻ പറയട്ടെ. (പറയുമെന്ന് തോന്നുന്നില്ല. പറഞ്ഞാൽ കള്ളി വെളിച്ചത്താകുമല്ലോ. ജനത്തിരക്കുമൂലം പേരും വിലാസവും ചോദിച്ചു മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നായിരിക്കും മറുപടി).

പേരും വിലാസവും കിട്ടിയാൽ അവരെ നേരിൽ ചെന്നു കാണണം. കൈകൾക്ക് ഇപ്പോൾ ഒരേനീളമാണോ എന്ന് നോക്കണം. ആണെങ്കിൽ അടുത്ത സ്റ്റെപ്പിലേക്ക് കടക്കാം. അത്ഭുതം നടക്കുന്നതിനു മുൻപ് ഇടതുകൈക്ക് നീളക്കുറവുണ്ടായിരുന്നോ എന്ന് അവരോടു ചോദിക്കണം. ഇല്ലായിരുന്നു എന്നാണ് ഉത്തരമെങ്കിൽ അത്ഭുതം പൊളിഞ്ഞു.

നീളക്കുറവുണ്ടായിരുന്നെന്നും പ്രാർത്ഥിച്ചപ്പോഴാണ് നീളം കൂടിയതെന്നും അവർ പറഞ്ഞാൽ അയൽക്കാരെ കാണുക. ഈ സ്ത്രീയുടെ ഇടതുകൈക്ക് നീളക്കുറവുണ്ടായിരുന്നോ എന്ന് അവരോടു ചോദിക്കുക. ഉണ്ടായിരുന്നെന്നും പ്രാർത്ഥനയ്ക്കു പോയിവന്നതിനുശേഷമാണ് നീളം കൂടിയതെന്നും പറഞ്ഞാൽ അത്ഭുതം നടന്നു എന്ന് ഉറപ്പിക്കാം. നീളക്കുറവില്ലായിരുന്നു എന്നാണ് പറയുന്നതെങ്കിൽ അത്ഭുതം പൊട്ടി.






# സുരേഷ് ബാബു: ചില വസ്തുതകൾ

സൂപ്പർ ഫാസ്റ്റ് പ്രസംഗകനായ സുരേഷ് ബാബുവിനേക്കുറിച്ച് ഡിഫെൻഡറിൽ വിശദമായി എഴുതിയിട്ടുണ്ട്. എന്നാൽ അടുത്തകാലത്തായി വായനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും ഇന്റർനെറ്റിലൂടെ ഡിഫെൻഡർ വായിക്കുന്നവരുടെ എണ്ണം പലമടങ്ങാകുകയും ചെയ്തതോടെ സുരേഷിന്റെ യഥാർത്ഥ ചരിത്രം അറിയാവുന്ന വായനക്കാരുടെ ശതമാനത്തിൽ കുറവുണ്ടായി. പലരും സുരേഷിനേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹം പ്രകടിപ്പിക്കയും ചെയ്യുന്നു. അതുകൊണ്ട് സുരേഷിന്റെ കഥ പറയാം:

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിലാണ് സുരേഷ് ജനിച്ചതും വളർന്നതും. താൻ ഒരു സമ്പന്ന കുടുംബത്തിലെ അംഗമാണ് എന്നൊക്കെ സുരേഷ് പറയാറുണ്ടെങ്കിലും അതു സത്യമല്ല. സുരേഷിന്റെ പിതാവ് ഗൾഫിൽ വെൽഡറായി ജോലിനോക്കിയിരുന്നതുകൊണ്ട് പട്ടിണി കൂടാതെ ജീവിക്കാനുള്ള വകയുണ്ടായിരുന്നു എന്നുമാത്രം.

ചെറുപ്പം മുതൽ പച്ചക്കള്ളം പറയുന്ന മാനസികരോഗത്തിന് സുരേഷ് അടിമയായി. ക്രിക്കറ്റ് കമ്പക്കാരനായിരുന്നതുകൊണ്ട് ക്രിക്കറ്റുമായി ബന്ധപ്പെട്ടായിരുന്നു കള്ളങ്ങളിൽ അധികവും. കള്ളക്കഥകൾ പറഞ്ഞും പെൺകുട്ടികളുടെ പിന്നാലെ നടന്നും പഠിത്തം ഉഴപ്പിയതുകൊണ്ട് പ്രീഡിഗ്രിക്ക് തോറ്റു. അതോടെ അപ്പനുമായി വഴക്കുണ്ടായി. കുറച്ചുകാലം അജിത്കുമാർ എന്ന പ്രസംഗകനോടൊപ്പം നടന്നു. പ്രസംഗത്തിന്റെ മർമ്മം സുരേഷ് ഗ്രഹിച്ചത് അങ്ങനെയാണ്. പ്രീഡിഗ്രി ജയിച്ചശേഷം കോയമ്പത്തൂരിൽ എ.എം.ഐ.ഇക്ക് പഠിക്കാനായി പോയി. അവിടെ മത്തായി പാസ്റ്ററോടൊപ്പമായിരുന്നു താമസം. സുരേഷിനെ സ്നാനപ്പെടുത്തിയതും മത്തായിപാസ്റ്റർ തന്നെ.

ഏതാനും മാസങ്ങൾ സുരേഷ് അവിടെ തങ്ങി. അക്കാലത്താണ് സുരേഷ് പ്രസംഗം ആരംഭിച്ചത്. ഒരു ശങ്കയുമില്ലാതെ കള്ളം പറയുവാൻ സുരേഷിനുള്ള കഴിവ് എടുത്തു പറയേണ്ട പ്രത്യേകതയാണ്. പ്രസംഗത്തോടൊപ്പം വ്യഭിചാരംകൂടി ആരംഭിച്ചതോടെ കോയമ്പത്തൂരിൽ നിലനിൽപ്പില്ലാതായി. ഏറെ താമസിയാതെ പഠനം ഉപേക്ഷിച്ച് സുരേഷ് വീട്ടിലേക്കു മടങ്ങി.

കമ്പ്യൂട്ടർ പഠിക്കണമെന്നുള്ള മോഹം സുരേഷിനുണ്ടായത് ആ കാലത്താണ്. (ഇരുപതു വർഷം മുൻപുള്ള കാര്യമാണ് പറഞ്ഞുവരുന്നത്.) അക്കാലത്ത് കമ്പ്യൂട്ടർ ഇന്നത്തേപ്പോലെ സർവ്വസാധാരണമായിരുന്നില്ല. അതുകൊണ്ട് കമ്പ്യൂട്ടർ പഠിക്കാനായി സുരേഷ് മദ്രാസിലേക്കു പോയി. അണ്ണാൻ മൂത്താലും മരംകയറ്റം നിർത്തുകയില്ല എന്നു പറഞ്ഞതുപോലെ മദ്രാസ്സിൽ എത്തിയിട്ടും സുരേഷ് പഴയപണി മറന്നില്ല. സുവിശേഷപ്രസംഗമെന്ന പേരിൽ വ്യാജം പ്രസംഗിക്കയും തരംകിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കയും ചെയ്തുവന്നു. ഏറെ താമസിയാതെ മീൻമുട്ടി സ്വദേശിനിയായ മേഴ്സി എന്നൊരു നെഴ്സുമായി സുരേഷ് അവിഹിതബന്ധം തുടങ്ങി. അവർ ഒരു വർഷത്തിലധികംകാലം ഒന്നിച്ചു താമസിക്കയും ചെയ്തു. അക്കാലത്ത് അവർക്ക് ഒരു കുട്ടിയുണ്ടായി. അബി എന്ന് ആ കുട്ടിക്ക് പേരിടുകയും ചെയ്തു. പക്ഷേ സംഭവമൊക്കെ സുരേഷിന്റെ അപ്പൻ അറിഞ്ഞു. അതോടെ പണം നൽകുന്നത് നിർത്തി. സാമ്പത്തിക ബുദ്ധിമുട്ടിലായതോടെ മേഴ്സി സൗദിയിലേക്കു പോകാൻ തീരുമാനിച്ചു. അബിയെ ഒരു അനാഥശാലയിലാക്കിയിട്ട് മേഴ്സി ജിദ്ദയിലേക്കു പോയി. സുരേഷ് വീട്ടിലേക്കു മടങ്ങി. പിന്നീട് മേഴ്സി സുരേഷുമായി ഫോണിൽ ബന്ധപ്പെടാൻ പലവട്ടം ശ്രമിച്ചെങ്കിലും അപ്പനാണ് ഫോൺ എടുത്തിരുന്നത്. ഒടുവിൽ സഹികെട്ട് മേഴ്സി സുരേഷിന് ഒരു കത്തയച്ചു. അതും അപ്പന്റെ കൈയ്യിൽ കിട്ടി. ഈ കത്തുമായി അപ്പൻ സുരേഷിന്റെ ഒരു സുഹൃത്തിന്റെ വീട്ടിലെത്തി. സുരേഷിനെ ഇങ്ങനെയൊക്കെ ആക്കിയത് ഈ കൂട്ടുകാരാണെന്നു പറഞ്ഞിട്ട് ആ കത്ത് അവിടെയിട്ട് തിരിച്ചുപോയി. ഉടൻതന്നെ അവർ ആ കത്തിന്റെ കുറെ ഫോട്ടോകോപ്പികൾ എടുത്തുവെച്ചു. പിറ്റേന്ന് അപ്പൻ വന്ന് കത്തു തിരികെവാങ്ങി. പക്ഷേ ഫോട്ടോകോപ്പിയെടുത്തകാര്യം അപ്പൻ അറിഞ്ഞില്ല. ഈ ഫോട്ടോകോപ്പികളിൽ ഒരെണ്ണം ഡിഫെൻഡർ ഓഫീസിലുമെത്തി. ആ കത്തിൽ മേഴ്സി എഴുതിയിരിക്കുന്ന വാചകങ്ങൾ വായിച്ചാൽ



ഏതു കഠിനഹൃദയവും തകർന്നുപോകും. മേഴ്സി വളരെക്കാലം അവിവാഹിതയായി കഴിഞ്ഞു. സുരേഷ് ഒരിക്കലും തന്നെത്തേടി വരില്ലെന്ന് ഉറപ്പായതോടെ മറ്റൊരു വിവാഹം കഴിച്ചു. ഇപ്പോൾ മേഴ്സി ഖത്തറിൽ ജോലി ചെയ്യുന്നു. അബി ഏതോ അനാഥാലയത്തിൽ വളരുന്നു.

മേഴ്സിയെ ഉപേക്ഷിച്ചിട്ട് സുരേഷ് കുറേക്കാലം വീട്ടിൽ വെറുതെ നിന്നു. അക്കാലത്ത് ഇന്ദിര എന്നൊരു പാട്ടുകാരിയുമായി ലോഹ്യത്തിലായി. ആ വകയിലും ഒരു കുട്ടിയുണ്ട്. (കുട്ടിയുടെ പേര് അറിഞ്ഞുകൂടാ.)

ഈ കലാപരിപാടികളൊക്കെ നടത്തുന്ന കാലത്തും സുരേഷ് അത്യുഗ്രൻ പ്രസംഗം നടത്തിയിരുന്നു. രോഗശാന്തി, ഭൂതശാന്തി തുടങ്ങിയവയും പൊടിപൂരമായി നടത്തിവന്നു. ഏറെ താമസിയാതെ സുരേഷ് അറിയപ്പെടുന്ന പ്രസംഗകനായി. 1990 മുതലാണ് സുരേഷിന്റെ നല്ലകാലം ആരംഭിക്കുന്നത്. വിവരംകെട്ട പെന്തക്കോസ്തുകാർ സുരേഷിന്റെ ഡേറ്റിനായി നെട്ടോട്ടമോടി. അതോടെ സുരേഷ് സാക്ഷ്യത്തിൽ കുറെ ഭേദഗതി വരുത്തി. ഒരു സായിപ്പ് തന്നെ പേരുചൊല്ലി വിളിച്ചെന്നും അതു കേട്ടാണ് മാനസാന്തരപ്പെട്ടതെന്നും ആയി സാക്ഷ്യം. തമിഴ്നാട് സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതി മദ്രാസ് ഐ.ഐ.റ്റിയിൽ പ്രവേശനം നേടിയെന്നും ബി.ടെക് പാസ്സായെന്നും മറ്റും സാക്ഷ്യം പറഞ്ഞു. പക്ഷേ സുരേഷിന്റെ കൈവശമുള്ള ഏറ്റവും വലിയ ഡിഗ്രി പ്രീഡിഗ്രിയാണെന്ന വസ്തുത ജനം അറിഞ്ഞില്ല. ഇന്ത്യയിലെ പ്രശസ്തരായ എല്ലാ ക്രിക്കറ്റ് താരങ്ങളോടുമൊപ്പം താൻ കളിച്ചിട്ടുണ്ടെന്നും കേരള യൂണിവേഴ്സിറ്റിയിലെ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനായിരുന്നെന്നും അക്കാലത്ത് കേരള യൂണിവേഴ്സിറ്റിക്ക് ക്രിക്കറ്റ് കിരീടം നേടിക്കൊടുത്തെന്നും ഒക്കെ തട്ടിവിട്ടു. എല്ലാവരും ഹാലേലൂയ്യാ പറഞ്ഞു. സുരേഷ് വിവാഹിതനായതും ഈ കാലത്താണ്. വിവാഹത്തിന് ഏതാനും ദിവസം മുൻപ് ഒരു പെൺകുട്ടി സുരേഷ് അവൾക്കു കൊടുത്ത കത്തുകളുമായി വന്ന് ബഹളം വയ്ക്കുകയും ആ കത്തുകളെല്ലാം അവിടെ വലിച്ചെറിഞ്ഞിട്ട് പോകുകയും ചെയ്തു.

വിവാഹം കഴിഞ്ഞിട്ടും സുരേഷ് വ്യഭിചാരം നിർത്തിയില്ല. തരംകിട്ടുന്നിടത്തെല്ലാം വ്യഭിചരിച്ചു. അനേക കുടുംബങ്ങൾ തകർത്തു. സുരേഷുമായി തന്റെ ഭാര്യ അവിഹിതബന്ധം പുലർത്തുന്നതറിഞ്ഞ് ഒരു ഗൾഫുകാരൻ ആത്മഹത്യചെയ്തു. ഏതാനും വർഷം മുൻപ് സുരേഷ് എറണാകുളത്ത് പ്രസംഗിക്കാനെത്തിയപ്പോൾ താമസസൗകര്യം നൽകിയ വ്യക്തിയുടെ മകളേയും യോഗം സംഘടിപ്പിച്ച പാസ്റ്ററുടെ ഭാര്യയേയും ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു.

ഒരു ദശാബ്ദം മുൻപ് പ്രൊഫ. മാത്യു പി. തോമസ് മരുപ്പച്ചയിൽ എഴുതിയ ഒരു ലേഖനത്തോടെയാണ് സുരേഷിന്റെ തട്ടിപ്പു പുറത്തായത്. ഹാലേലൂയ്യായും സുരേഷിനെതിരെ ലേഖനമെഴുതി. മാത്രമല്ല, മദ്രാസ് ഐ.ഐ.റ്റിയിൽ സുരേഷ് ബാബു എന്നൊരാൾ പഠിച്ചിട്ടേയില്ല എന്നതിന് ആ സ്ഥാപനത്തിൽ നിന്നു ലഭിച്ച കത്ത് ഈ പത്രങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തു. പക്ഷേ സുരേഷ് വ്യഭിചാരിയോ തട്ടിപ്പുകാരനോ ആണെങ്കിലും അസംബ്ലീസ് ഓഫ് ഗോഡിന്റെ വാതിലുകൾ എന്നെന്നും സുരേഷിനായി തുറന്നു കിടക്കുമെന്ന് പി.എസ്.ഫിലിപ്പ് പ്രഖ്യാപിച്ചു. അങ്ങനെ അയാൾ സുരേഷിന്റെ പിമ്പായിത്തീർന്നു.

വായിൽ തോന്നിയ കുറെ പേരും രോഗവും വിളിച്ചുപറഞ്ഞ് രോഗസൗഖ്യം പ്രഖ്യാപിക്കയാണ് സുരേഷ് സാധാരണയായി ചെയ്തുവരുന്നത്. ആയിരക്കണക്കിന് ആളുകളുള്ളിടത്ത് മറിയാമ്മേ, നിന്റെ വയറ്റിൽ വേദനയിതാ സൗഖ്യമാകുന്നു എന്നു പറഞ്ഞാൽ നാലോ അഞ്ചോ മറിയാമ്മമാരെങ്കിലും വയറ്റിൽ വേദന സൗഖ്യമായതായി സാക്ഷ്യം പറയുമെന്നു തീർച്ച. ഇത്തരം ചെപ്പടിവിദ്യകൾ കാണിച്ചാണ് സുരേഷ് ജനവഞ്ചന നടത്തുന്നത്. തന്റെ പ്രാർത്ഥനയാൽ ഉണ്ടായ രോഗശാന്തികളുടെ കഥകളും സുരേഷ് പറയും. പറഞ്ഞു പറഞ്ഞ്, മരിച്ചവരെ ഉയിർപ്പിച്ചെന്നും പ്രാർത്ഥിച്ച് ബോട്ട് ഓടിച്ചെന്നും വരെ കഥകൾ പറഞ്ഞു. ഇതിനെല്ലാം ജനം ഹാലേലൂയ്യാ പറഞ്ഞു.

സുരേഷ് ഒന്നാംതരം കള്ളനാണെന്ന് ഇപ്പോൾ മിക്കവർക്കും അറിയാം. അതുകൊണ്ട് വളരെ കുറച്ചു പ്രോഗ്രാമുകൾ മാത്രമേ ഇപ്പോൾ സുരേഷിന് കിട്ടുന്നുള്ളൂ. സുരേഷിന്റെ ഒരു യോഗം ഈ ദിവസങ്ങളിൽ പത്തനംതിട്ടയിൽ നടക്കുന്നുണ്ട്. ചങ്ങനാശ്ശേരിയിലും ചില വിഡ്ഢികൾ സുരേഷിന് കഞ്ഞിവെയ്ക്കുന്നതാണ്. കൂടാതെ, അങ്ങിങ്ങായി ഏതാനും പ്രോഗ്രാമുകളും കിട്ടുന്നുണ്ട്. ഇംഗ്ലീഷ് ഡേറ്റ് കൊടുത്തു തീരുമ്പോൾ മലയാളം ഡേറ്റ് കൊടുത്തിരുന്ന കാലമൊക്കെ ഏതായാലും പൊയ്പ്പോയി. ഭൂരിപക്ഷം ജനങ്ങൾക്കും കാര്യം പിടികിട്ടി. എന്നിട്ടും കുറെ കഴുതകൾക്ക് ബുദ്ധിയുദിച്ചിട്ടില്ല. അത്തരക്കാർ സുരേഷിനെ വിളിക്കുന്നു. പക്ഷേ സുരേഷിനെ വിളിക്കുന്നവർ സൂക്ഷിക്കുക: ഭാര്യയേയും പെൺമക്കളേയും സുരക്ഷിതസ്ഥാനങ്ങളിലാക്കാൻ മറക്കരുത്.







## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംക്ഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

RNI No. 68089 / 97
2008 January 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ദിനകരനും മകനും കള്ളപ്രവാചകർ

ദിനകരനും മകനും കള്ളപ്രവാചകൻമാരാണെന്നു പറഞ്ഞാൽ എൽ.സാമിനേപ്പോലുള്ള കള്ളപെന്തക്കോസ്തുകാർ സമ്മതിച്ചുതരില്ലെന്നറിയാം. എങ്കിലും പറയാതെവയ്യ. ഈ തട്ടിപ്പു വീരൻമാർ 2007നെ സംബന്ധിച്ച് ചില പ്രവചനങ്ങൾ നടത്തി. അവ ഡിഫെൻഡർ 2007 ഫെബ്രുവരി ആദ്യ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ആർക്കും ഇടാവുന്ന കോട്ടുപോലെയുള്ള ഈ പ്രവചനങ്ങൾ ഇവയായിരുന്നു:

ദിനകരൻ വഹ പ്രവചനം:

1. ലോകമെമ്പാടും കൂടുതൽ യുദ്ധങ്ങളുണ്ടാകും.
2. എങ്കിലും ഇന്ത്യയിൽ സമാധാനമുണ്ടായിരിക്കും.
3. എല്ലാ സഭകളും അഭിവൃദ്ധിപ്പെടും.
4. കേന്ദ്രസർക്കാരും എല്ലാ സംസ്ഥാന സർക്കാരുകളും സഭയ്ക്ക് സംരക്ഷണം നൽകുന്നതിൽ ശ്രദ്ധവയ്ക്കും.
5. കേന്ദ്രസർക്കാർ സ്വന്തം കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരമാവധി ശ്രമിക്കും.
6. ദൈവമക്കൾക്ക് എല്ലാവിധ സമൃദ്ധിയുമുണ്ടാകും.
7. യു.എസ്.എ., യു.കെ. എന്നീ രാജ്യങ്ങൾക്ക് ദുഷ്ട ശക്തികളുടെ ആക്രമണത്തിൽ നിന്നും പ്രത്യേകം സംരക്ഷണംലഭിക്കും. (അമേരിക്കയ്ക്കും ഇംഗ്ലണ്ടിനും എന്നതാണ് പ്രത്യേകത എന്ന് ദിനകരൻ പറയുന്നില്ല).

അടുത്തത് പോളിന്റെ പ്രവചനങ്ങളാണ്:

1. ദൈവജനത്തിന് സമൃദ്ധി ഉണ്ടാകും.
2. ലോകമെമ്പാടും നിരവധി അത്ഭുതങ്ങൾ നടക്കും.
3. ദൈവമക്കളെ ദൈവം ഉന്നത സ്ഥാനങ്ങളിലേക്ക് ഉയർത്തും.
4. അജ്ഞാതരായ ദൈവമക്കൾ ലോകരാജ്യങ്ങളുടെ നേതൃസ്ഥാനത്ത് എത്തും.
5. ശാസ്ത്രജ്ഞരും സ്പോർട്സ് താരങ്ങളും ദൈവമക്കളാകും.
6. ദൈവമക്കളും ദൈവദാസരും ബഹുമാനിക്കപ്പെടും.
7. ഇന്ത്യ അഭിവൃദ്ധി പ്രാപിക്കും.
8. ദൈവദാസൻമാർക്ക് ദീർഘായുസ്സ്, നല്ല ആരോഗ്യം, സംതൃപ്തി എന്നിവ ഉണ്ടാകും.
9. ദൈവമക്കൾക്കെതിരെയുള്ള അക്രമം വളരെ കുറവായിരിക്കും
10. അത്ഭുതങ്ങൾ കണ്ട് ഉന്നതർ ദൈവത്തിലേക്ക് തിരിയും. എല്ലാ മിനിസ്ട്രികൾക്കും വളരെ പണം ലഭിക്കും.

ഈ പ്രവചനങ്ങൾ ശരിയായിരുന്നോ എന്ന് കഴിഞ്ഞ വർഷത്തെ സംഭവങ്ങൾ അറിയാവുന്നവരോട് പറയേണ്ടതില്ല. ഈ വർഷവും കുറെ പ്രവചനങ്ങൾ പിതാവും പുത്രനും ചേർന്ന് നടത്തിയിട്ടുണ്ട്. അവ ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. Visit: www.prayertoweronline.org

ഈ പ്രവചനങ്ങൾ അതേപടി ഇവിടെ ഉദ്ധരിക്കാം: ആദ്യം ദിനകരൻ വഹ.

I. This year according to Eph. 6:12, we have to wrestle against a) Principalities b) Powers c) The rulers of darkness d) Spiritual hosts of wickedness in the heavenly places. The devil has planned this battle with extraordinary precision. He is fully prepared to strike, with all his evil forces.

II. Every Church / Fellowship / Ministry will come under his attack in a very fierce manner.

III. The stability of the Govt of India shall be shaken.

IV. The country shall be made to face natural calamities and other difficult situations, one after the other.

V. The new President who will be elected in USA will open the Country for all to move in freely for the sake of pleasing everybody and for the sake of popularity. It will help the evil forces to sneak in to the country. There shall be trouble and confusion everywhere in the Country. God will allow this as they have rejected the crucified Lord.

VI. U.K. and European countries will be careful with their administration and hence be peaceful.

VII. These difficult times which the Churches and the Countries would face shall drive the people to seek the face of the Lord and return to HIM, with more dedication and sanctification.

അടുത്തത് പോളിന്റെ പ്രവചനങ്ങളാണ്. അപ്പനെ കടത്തി വെട്ടുന്ന കള്ളനാണ് പോൾ:

-God will keep you as a well watered garden and spring of life.
-Whatever you do shall prosper and nothing shall be dissuaded by the devil.
-The favour of the Lord will perfect everything that concerns you.
-This will be the year of goodness, satisfaction, abundance, restoration and prosperity.
-God will select and choose your children and fill them with the Holy Spirit. Great will be the peace of your children. God will take them to great heights and fill them with His wisdom. The devil can never touch your children God will guide, lead and protect them.
-On one side there would be youth disapproving parental care but on the other side there will be youth seeking God and fellowship with their families.
- God will give you a real focus to fulfill His will.
-Wonderful publications will come out in God's word. The spirit of revelation will be tremendous in God's ministry everywhere.
-Funds will flow into God's ministry as never before.
-For the first time the Governmental support will be made available to ministries.
-Righteous leaders will rise up and influence the nation, and God's people will have favour among the other people and they need not be afraid of any opposition rising up against them, for God's presence will overshadow them.
-The devil is scheming to bring natural calamities but the Lord will protect the nation and His grace will rest upon India.

ഇത്തരം പ്രവചനങ്ങൾ നടത്താൻ വെളിപ്പാടോ വെളിച്ചപ്പാടോ വേണ്ട വെറും വെളിവു മാത്രം മതി. ആർക്കും ഇടാവുന്ന കോട്ടുകളാണ് ഇവയെല്ലാം. പക്ഷേ ഭക്തിയുടെ നൊസ്സ് തലയ്ക്കു പിടിച്ചവർക്ക് ഇതൊന്നും ഗ്രഹിക്കാൻ കഴിയുകയില്ല.

സമ്പൂർണ്ണ സാക്ഷരത അവകാശപ്പെടുന്ന കേരളത്തിൽപ്പോലും ദിനകരനെന്ന തട്ടിപ്പുകാരനെ ചുമക്കാൻ ആളുണ്ട്. പെന്തക്കോസ്തിലെ ഒരു ബുദ്ധിജീവിയായി കണക്കാക്കപ്പെടുന്ന എൽ.സാമാണ് ഇവരിൽ പ്രമുഖൻ. കേരളത്തിൽ ദിനകരനെത്തിയാൽ എൽ.സാം അവിടെയെത്തും. ഏതാനും മാസം മുൻപ് ദിനകരൻ തിരുവനന്തപുരത്തെത്തിയപ്പോൾ എൽ.സാമിനെ കൂടാതെ പല പ്രമുഖ പെന്തക്കോസ്തുകാരും സ്തുതിപാടാൻ എത്തിയിരുന്നു. മരിച്ചുപോയ മകളെ കാണുകയും സംസാരിക്കയും ചെയ്യുന്നതായി അവകാശപ്പെടുന്ന ദിനകരൻ ദുരാത്മാവിന്റെ പിടിയിലാണെന്നു മനസ്സിലാക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർക്കു കഴിയുന്നില്ല. ദൈവജനത്തെ നേർവഴിക്കു നടത്തേണ്ടവർക്ക് വഴിയറിയാതാകുന്നത് മഹാകഷ്ടമാണ്.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan